**കുടുംബശ്രീ**

**ജെന്റർ പ്രവർത്തനങ്ങൾ**

**2019 - 20**

**വാർഷിക പദ്ധതി നിർദ്ദേശങ്ങൾ**

|

## അകം

### പ്രവേശിക


സ്ത്രീപദവി സ്വയം പഠനം ........................................................3

ജന്റർ അവബോധ പരിശീലനങ്ങൾ ..................................................7

വൾനറബിലിറ്റി മാപ്പിംഗ് ........................................................10

രംഗശ്രീ ........................................................................15

സ്നേഹിത കോളിംഗ് ബെൽ ......................................................18

ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് ....................................................22

സ്നേഹിത ഹെല്പ് ഡെസ്ക്ക്.......................................................28

കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലേഴ്സ്..........................................33

സ്ത്രീ സൗഹൃദ പഞ്ചായത്ത്......................................................36

വിജിലന്റ് ഗ്രൂപ്പ്...............................................................39

പ്രാപ്തി വർദ്ധനവ് .............................................................43

സ്ത്രീശക്തി പോർട്ടൽ...........................................................45

ജെന്റർ സ്റ്റേറ്റ് റിസോഴ്സ് സെൽ.................................................49

റൈറ്റേഴ്സ് ഫോറം..............................................................51

ജെന്റർ സംയോജനം സൂക്ഷ്മസംരംഭങ്ങളിൽ...........................................54

ഘശരെ ീള ജ്യീഴൃമാാലെ ളീൃ റീരൗാലിമേശീി ......................................................56

|

## ലക്ഷ്യം 1

സ്ത്രീപദവി സ്വയം പഠനത്തിലൂടെ സുസ്ഥിരവും ജനാധിപത്യപരവുമായ കുടുംബം സൃഷ്ടിക്കുക, സ്ത്രീകളുടെ സാമൂഹ്യ ഇടപെടൽ ശേഷി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്നു.

## പദ്ധതിയുടെ പേര്

## സ്ത്രീ പദവി സ്വയം പഠന പ്രക്രിയ

ലിംഗപദവി അസമത്വങ്ങളെ കൂടുതൽ ആഴത്തിൽ ജീവിതാനുഭവങ്ങളിലൂടെ പരിശോധിക്കുന്നതിനും, അതിലൂടെ നീതി പൂർവ്വമായ ഒരു സാമൂഹ്യ നിർമ്മിതിയ്ക്ക് സഹായിക്കുകയും ചെയ്യുന്നതിനായി അയൽക്കൂട്ടാംഗങ്ങളെയും അവരുടെ കുടുംബങ്ങളെയും പ്രാപ്തരാക്കുക. സ്വയം പഠന പ്രവർത്തിനത്തിലൂടെ സുസ്ഥിരവും ജനാധിപത്യപരവുമായ കുടുംബവും പ്രദേശവും സൃഷ്ടിക്കുക എന്നത് അടുത്ത ഘട്ട പഠന പ്രവർത്തനത്തിന്റെ ലക്ഷ്യമാണ്.

**പശ്ചാത്തലം**

കുടുംബശ്രീ നടപ്പിലാക്കി വരുന്ന ഒരു നൂതന ആശയമാണ് 2007 ൽ ആരംഭിച്ച സ്ത്രീപദവി സ്വയം പഠന പ്രക്രിയ (ജെൻഡർ സെൽഫ് ലേണിംഗ് പ്രോഗ്രാം- ജി.എസ്.എൽ.പി). സ്ത്രീകളെ അവരുടെ ജീവിതാ അവസ്ഥയും പ്രശ്നങ്ങളും മനസ്സിലാക്കി അത് പ്രതിരോധിക്കുന്നതിനും, പ്രതികരിക്കുന്നതിനും അവരെ സജ്ജമാക്കുകയും ഒരു പുതു സാമൂഹ്യ ഘടന സൃഷ്ടിക്കാൻ സഹായിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ പ്രധാന ഉദ്ദേശം. വ്യവസ്ഥാപിതമായ പഠന പ്രക്രിയക്കപ്പുറം അനൗപചാരികമായ ഒരു സ്വയം പഠന വിദ്യാഭ്യാസമാണ് ഇതിന്റെ അടിസ്ഥാനം. ജി.എസ് എൽ.പിയിലെ പങ്കാളിത്ത പഠന പ്രവർത്തകർ ഓരോ അയൽക്കൂട്ടാംഗങ്ങളും, അടിസ്ഥാന യൂണിറ്റ് അയൽക്കൂട്ടവുമാണ്. അയൽക്കൂട്ടങ്ങൾ സ്ത്രീ പദവി സ്വയം പഠന പ്രക്രിയയുടെ ഭാഗമായി സ്ത്രീകൾ തങ്ങളുടെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിലൂടെ പുതിയ അറിവുകൾ നേടുന്നതിനും, തുടർ പ്രവർത്തനങ്ങൾക്കുള്ള ആശയ രൂപീകരണത്തിനും, പ്രശ്നങ്ങൾ നേരിടുന്നതിനും ഉള്ള ഇടം സൃഷ്ടിക്കപ്പെടുന്നു.

സ്വയാവബോധം, ആത്മാഭിമാനം, ശേഷികളിലുള്ള വിശ്വാസം, ദാരിദ്ര്യം ഒരു ശാപമല്ലെന്നും അതു മറികടക്കാൻ തന്റെ വ്യക്തിപരമായ പരിമിതികളെ മറകടക്കേണ്ടത് അനിവാര്യമാണെന്നും കുടുംബശ്രീ അംഗങ്ങളെ ബോധ്യപ്പെടുത്തുന്നതിന് ഈ പരിപാടിയുടെ തുടർച്ച അനിവാര്യമാണ്.

ജി.എസ്.എൽ.പി യുടെ ഭാഗമായി പ്രാദേശികമായി വികസിപ്പിച്ചടുത്ത പഠന സഹായികൾ (അംഗങ്ങളുടെ നിർദ്ദേശങ്ങൾക്കനുസൃതമായി) വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി രൂപപ്പെടുത്തി പഠനത്തിനു വിധേയമാക്കുന്നു. 2007, 2011, 2013 വർഷങ്ങളിൽ യഥാക്രമം 'സ്ത്രീയും തൊഴിലും', 'സ്ത്രീയും ആരോഗ്യവും', 'സ്ത്രീയും സഞ്ചാ സ്വാതന്ത്ര്യവും' എന്ന മൂന്ന് വിഷയങ്ങൾ പഠന പ്രവർത്തനത്തിന് വിധേയമായി. നാലാം പഠന സഹായിയായ 'ലിംഗ പദവി സമത്വവും നീതിയും' മൂന്ന് ഘട്ടങ്ങളിലായി ഘട്ടങ്ങളായി പഠന പ്രവർത്തനം നടന്നുവരുന്നു.

ജെൻഡർ റിസോർഴ്സ് പേഴ്സൺമാരാണ് ഈ പ്രവർത്തനത്തിന്റെ വ്യാപനവും, അവലോകനവും എല്ലാം നിർവ്വഹിച്ച് ഇതിനെ നയിക്കുന്നത്. നാലാം ഘട്ടം പഠന പ്രവർത്തനത്തിനായി നടന്ന പ്രവർത്തനങ്ങൾ.

- *സംസ്ഥാനതല ആശയ രൂപീകരണ മീറ്റിംഗുകൾ*
- *പഠന സഹായി രൂപീകരണവും അനുബന്ധ കൂടിയിരിപ്പുകളും*
- *സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പിന്റെ പരിശീലനം തുടർ പരിശീലനങ്ങൾക്കാവശ്യമായ മൊഡ്യൂൾ രൂപീകരണം*
- *14 ജില്ലകളിൽ നിന്നും തിരഞ്ഞെടുത്ത 300 ജില്ലാതല ഫെസിലിറ്റേറ്റർമാർക്കുള്ള പരിശീലനം റീജിയണൽ തലത്തിൽ . (ഒന്നാംഘട്ടം, രണ്ടാംഘട്ടം).*
- *2.77 ലക്ഷം അയൽക്കൂട്ട ഫെസിലിറ്റേറ്റർമാർക്കുള്ള പരിശീലനം ഒന്നാംഘട്ടം.*
- *നാലാം ഘട്ട പഠന പ്രവർത്തനത്തിന്റെ തുടർ പ്രവർത്തനങ്ങളായ അയൽക്കൂട്ട ഫെസിലിറ്റേറ്റർമാർക്കുള്ള രണ്ടും മൂന്നും ഘട്ട പരിശീലനങ്ങൾ പൂർത്തീകരിക്കുക എന്നത് പ്രധാനമാണ്. പഠന സഹായിയിലെ 26 സെഷനുകളെ ആസ്പദമാക്കി 2019 ജൂലൈ മാസം വരെ കേരളത്തിലെ 3 ലക്ഷം അയൽക്കൂട്ടങ്ങളിലും സജീവമായ ചർച്ചകളും അനുബന്ധ പ്രവർത്തനങ്ങളും നടക്കും.*

*പ്രവർത്തന തന്ത്രം*

- *വിവിധ തലത്തിലുള്ള പരിശീലനങ്ങൾ പൂർത്തീകരിക്കുന്നതിനായി സംസ്ഥാന റിസോഴ്സ് പൂളിന്റെ സഹായത്തോടെ തുടർച്ചയായ പിന്തുണ ഫെസിലിറ്റേറ്റർമാർക്ക് നൽകും.*
- *അവലോകന ഫോറങ്ങൾ (ഓൺലൈൻ) പൂരിപ്പിച്ച് അപ്ഡേറ്റ് ചെയ്യുന്നത് ഉറപ്പാക്കും.*
- *ചർച്ചകൾ കൃത്യമായി അയല്ക്കൂട്ടങ്ങളിൽ നടന്നു എന്ന് ഉറപ്പാക്കാൻ അയൽക്കൂട്ട മിനിട്സ് ബുക്കിൽ റിപ്പോർട്ടുകൾ രേഖപ്പെടുത്തുന്നതിനും, ജി.എസ്.എൽ.പി രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിനും നിർദ്ദേശം നൽകും.*
- *ജില്ലാതല ഫെസിലിറ്റേറ്റർമാരുടെ കൂടിയിരുപ്പുകൾ, അവലോകനം പഠനങ്ങൾ എന്നിവ തുടർച്ചയായി നടത്തുക.*
- *പഠന പ്രവർത്തനങ്ങളുടെ അനന്തരഫലം രേഖപ്പെടുത്തുന്നുതിനായി ഡോക്യുമെന്റേഷൻ ടീമിന്റെ സഹായത്തോടെ ഡോക്യുമെന്റ് ചെയ്യുകയും പ്രത്യേക വെബ്സൈറ്റിൽ കഥകളും, അനുഭവങ്ങളും, റിപ്പോർട്ടുകളുമായി രേഖപ്പെടുത്തും. വിജയാനുഭവ കഥകളുടെ ബുക്കുകൾ പ്രസിദ്ധീകരിക്കാം.*
- *സംസ്ഥാന, ജില്ലാ, പഞ്ചായത്ത് തലങ്ങളിൽ കൺസൾട്ടേഷൻ മീറ്റിംഗുകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കുക.*
- *ഒന്നാം ഘട്ടത്തിൽ നടന്ന രീതിയിൽ തന്നെ വിവിധ ഘട്ടങ്ങളായി പരിശീലനങ്ങൾ നടത്തുക. ഇതിൽ ട്രാൻസ് ജെൻഡേഴ്സ്, പുരുഷ പ്രതിനിധികൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കുക.*
- *വിവിധ പ്രാദേശിക സംഘടനകളും ഏജൻസികളുമായി ചേർന്ന് പൊതുപരിപാടികൾ, പഠനങ്ങൾ എന്നിവ സംഘടിപ്പിക്കുക.*

***ഓരോ ക്വാർട്ടറിലും കൈവരിക്കേണ്ട നേട്ടങ്ങൾ***

***ക്വാർട്ടർ 1 2019-മെയ്- ജൂലൈ***

I

- നാലാംഘട്ട പഠന പ്രവർത്തനങ്ങൾ - നിലവിൽ നടന്ന കൊണ്ടിരിക്കുന്ന നാലാം ഘട്ട സ്ത്രീ പദവി സ്വയം പഠന പ്രക്രിയ 2019 ജൂൺ/ ജൂലൈ മാസങ്ങളോടുക്കൂടി പൂർത്തീകരിക്കണം. എൻ എച്ച് എഫ് പരിശീലനം (അവശേഷിക്കുന്ന അധ്യായങ്ങളുടേത്) പൂർത്തീകരിക്കുകഅയൽക്കൂട്ട ചർച്ചകൾ ജൂലൈ മാസത്തോടുക്കൂടി പൂർത്തീകരിക്കുക.
- പരിശീലനങ്ങൾ
- ഡോക്യുമെന്റേഷൻ റിപ്പോർട്ട് രൂപീകരണം വിലയിരുത്തൽ, ഭാവി പ്രവർത്തനങ്ങൾ എന്നിവ പൂർത്തീകരിക്കുക
  - നടത്തിയ പരിശീലനങ്ങളുടെ എണ്ണം, പരിശീലനം ലഭിച്ചവരുടെ എണ്ണം എന്നിവ രേഖപ്പെടുത്തൽ.
  - പഠന പ്രവർത്തനം നടന്ന അയൽക്കൂട്ടങ്ങളുടെ വിവര ശേഖരണം.
  - പഠന പ്രവർത്തനത്തിന്റെ അനന്തഫലം വിശകലനം ചെയ്യലും, അനുഭവങ്ങൾ രേഖപ്പെടുത്തലും - വെബ്സൈറ്റിലും പ്രത്യേക ബുക്കുകളായും പബ്ലിഷ് ചെയ്യാം.
  - സി.ഡി.എസ്സ്, ജില്ലാ തല റിപ്പോർട്ടുകളുടെ രൂപീകരണം - അവതരണം.
  - ജില്ലാതല/സംസ്ഥാനതല ക്രോഡീകരണം

ക്വാർട്ടർ- 2- 2019 ആഗസ്റ്റ് - ഒക്ടോബർ

- അഞ്ചാം ഘട്ടം - പിന്തുണാ സംവിധാനം രൂപീകരിക്കുക
- പഠന മോഡ്യൂൾ തയ്യാറാക്കുക
- ജില്ലാതല ഫെസിലിറ്റേറ്റർമാരുടെ പരിശീലനം പൂർത്തീകരിക്കുക
- പ്രവർത്തന മാർഗ്ഗരേഖ പ്രസിദ്ധീകരിക്കുക

ക്വാർട്ടർ- 3- 2019 നവംബർ - ജനുവരി 2020

- അഞ്ചാം ഘട്ട പ്രവർത്തനം അയൽക്കൂട്ട സി ഡി എസ് തലങ്ങളിൽ
- പ്രവർത്തനങ്ങളുടെ തുടർച്ച മോണിറ്ററിംഗ്

## പ്രവർത്തന നേട്ടം

- മൂന്ന് ലക്ഷം അയൽക്കൂട്ടങ്ങളിലും ലിംഗപദവി അസമത്വങ്ങളെക്കുറിച്ചുള്ള പഠന പ്രവർത്തനം നടക്കുക.
- സ്വയംപഠന പ്രവർത്തനത്തിലൂടെ സുസ്ഥിരവും ജനാധിപത്യപരവുമായ കുടുംബവും പ്രദേശവും സൃഷ്ടിക്കുക

|

## ലക്ഷ്യം 2

**സമൂഹത്തിന്റെ വിവിധ തലങ്ങളിൽ പ്രവർത്തിയ്ക്കുന്നവർക്കായി ജന്റർ അവബോധ പരിശീലങ്ങൾ സംഘടിപ്പിയ്ക്കുക. ജെന്റർ എൻ ആർ ഒ രൂപീകരണം സാധ്യമാക്കുക.**

## ജെന്റർ അവബോധ പരിശീലനങ്ങൾ

**പശ്ചാത്തലം**

കുടുംബശ്രീ ശാക്തീകരണ - ജെന്റർ വികസന പ്രവർത്തനങ്ങളിൽ പ്രാധാന്യം നൽകുകയും വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരികയും ചെയ്തുവരുന്നു. ജെന്റർ പ്രവർത്തനങ്ങളെ വിവിധ തലങ്ങളിൽ എത്തിക്കുന്നതിന് നേതൃത്വം നൽകുന്നത് അയൽക്കൂട്ടങ്ങളിൽ നിന്നും തിരഞ്ഞെടുത്ത ജെന്റർ റിസോഴ്സ് പേഴ്സൺമാരാണ്. ജെന്റർ പ്രവർത്തനങ്ങളുടെ ഭാഗമായി 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ കുടുംബശ്രീ മിഷനിലെ ഉദ്യോഗസ്ഥർക്ക് (സംസ്ഥാന തലം മുതൽ ബ്ലോക്കുതലം വരെയുള്ള) ജെന്റർ അവബോധം പരിശീലനം നൽകുകയുണ്ടായി. ഈ പരിശീലനം തുല്യതയെ കുറിച്ചും വിശകലനം ചെയ്യുന്നതിന് ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതായിരുന്നു. ഇതോടൊപ്പം തന്നെ ഈ പരിശീലനം എല്ലാ ഇടങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനായി തീരുമാനിക്കുകയും ചെയ്തു. അതിനായി സംസ്ഥാന തലത്തിൽ 20 പേരുടെ ഒരു ഗ്രൂപ്പ് രൂപീകരിച്ചു. 14 ജില്ലകളിൽ നിന്നും അയച്ചവരിൽ നിന്നും ഇന്റർവ്യൂവിലൂടെയും മറ്റ് രീതികളിലൂടെയും ആണ് 20 പേരെ തിരഞ്ഞെടുത്തത്. ഇവർക്ക് ആവശ്യമായ പരിശീലനം നൽകി പല പരിശീലനങ്ങൾക്കായി നിയോഗിച്ചു. 2018-19 വർഷം ഇവരുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും, 1064 കുടുംബശ്രീ സിഡിഎസ് ജനപ്രതിനിധികൾക്കും ഉള്ള പരിശീലനം നൽകി. കേരളത്തിലെ പല കോളേജുകൾ, സ്കൂളുകൾ, വകുപ്പുകൾ എന്നിവിടങ്ങളിലും, കുടുംബശ്രീ ബ്ലോക്ക് കോ-ഓർഡിനേറ്റർമാർക്കും പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ ഒന്നു മുതൽ 4 വരെ ദിവസങ്ങളായുള്ള പരിശീലനം ഇവർ കൈകാര്യം ചെയ്യുന്നു.

|

കുടുംബശ്രീ പ്രവർത്തനങ്ങളുടെ സാമൂഹ്യ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനും കുടുംബശ്രീ അംഗങ്ങൾക്ക് വരുമാനം കണ്ടെത്തുന്നതിനും ഇതിലൂടെ കഴിയും.

പ്രവർത്തന തന്ത്രം

- റിസോഴ്സ് പൂൾ അംഗങ്ങൾക്കുള്ള പ്രാപ്തി വർദ്ധനവിനുള്ള പരിശീലനങ്ങൾ
- ആവശ്യമായ മൊഡ്യൂളുകളുടെ രൂപീകരണം
- പ്രൊപ്പോസലുകൾ തയ്യാറാക്കി വിവിധ വകുപ്പുകൾ, ഏജൻസികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർക്ക് നൽകുക.
- സംസ്ഥാന-ജില്ലാ തലങ്ങളിലെ വിവിധ മീറ്റിംഗുകളിൽ ഇവരെ പരിചയപ്പെടുത്തുക.
- കേരളത്തിന് പുറത്ത് എസ്ആർഎൽഎം കൾക്ക് ആവശ്യമെങ്കിൽ പരിശീലനം നൽകുന്നതിനായി ടീമിനെ സജ്ജമാക്കുക.
- കുടുംബശ്രീയുടെ വിവിധ പരിശീലനങ്ങളിൽ ജെന്റർ അവബോധ പരിശീലനം ഒരു സെക്ഷൻ ആക്കുക.
- സംസ്ഥാനത്തിനകത്ത് കുറഞ്ഞത് 5000 പേർക്കെങ്കിലും പരിശീലനം നൽകുക.

മൂന്ന് ക്വാർട്ടറുകളിലായി കൈവരിക്കേണ്ട നേട്ടങ്ങൾ

ക്വാർട്ടർ 1- 2019 മെയ് - ജൂലൈ

1. പിന്തുണാ സംവിധാനവും പ്രാപ്തി വർദ്ധനവും

   - നിലവിലുള്ള റിസോഴ്സ് പൂൾ അംഗങ്ങളുടെ പ്രവർത്തനം വിലയിരുത്തി ആവശ്യമായ തുടർ പരിശീലങ്ങൾ ലഭ്യമാക്കുക.
   - പരിശീലന കൈപുസ്തകം തയ്യാറാക്കൽ
   - വിവിധ സർക്കാർ സ്ഥാപനങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നതിനാവശ്യമായ സർക്കാർ ഉത്തരവുകൾ നേടിയെടുക്കുക.
   - തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഗൈഡ് ലൈനിൽ കുടുംബശ്രീ മുഖേന ജെന്റർ പരിശീലനം നൽകാമെന്നുള്ള നിർദ്ദേശം ഉൾക്കൊള്ളിക്കുക.
   - നിലവിൽ ഏറ്റെടുത്തപരിശീലനങ്ങളുടെ വിലയിരുത്തൽ

ക്വാർട്ടർ- 2- 2019 ആഗസ്റ്റ്- ഒക്ടോബർ

- ജെന്റർ റിസോഴ്സ് പൂളിനെ ഒരു ജെന്റർ റിസോഴ്സ് ഓർഗനൈസേഷനായി പരിവർത്തനം ചെയ്യിക്കുക.
- വിവിധ മേഖലകളിൽ സ്ത്രീകളും കുട്ടികളും നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ലഘു പഠനങ്ങൾ സംഘടിപ്പിക്കുക. ഇപ്രകാരം കുടുംബശ്രീയുമായി ബന്ധപ്പെട്ട പത്തു മേഖലകൾപഠന വിധേയമാക്കുക.

|

- *പ്രവർത്തന മർഗ്ഗരേഖ തയ്യാറാക്കുക.*
- *സി ഡി എസ് കമ്മിറ്റി അംഗങ്ങൾക്കുള്ള അവബോധ പരിശീലനം*

*ക്വാർട്ടർ-3- 2019- നവംബർ- ജനുവരി*

- *സി ഡി എസ് കമ്മിറ്റി അംഗങ്ങൾക്കുള്ള അവബോധ പരിശീലനം തുടർച്ച*
- *മറ്റ് ഡിപ്പാർട്ടുമെന്റുകൾ ഏജൻസികൾ എന്നിവയുമായി സംയോജിച്ച് നടത്തുന്ന പ്രവർത്തനങ്ങളും പരിശീലനങ്ങളും*
- *ഡോക്യുമെന്റേഷൻ, റിപ്പോർട്ട് തയ്യാറാക്കൽ*

*പ്രതീക്ഷിത നേട്ടം*

*സംസ്ഥാന തല റിസോഴ്സ് പൂളിന്റെ നേതൃത്വത്തിൽ കുടുംബശ്രീ സംഘടനാ സംവിധാനം, വിവിധ വകുപ്പുകൾ ഏജൻസികൾ എന്നിവർക്കായി ജെൻഡർ അവബോധ പരിശീലനങ്ങൾ സംഘടിപ്പിക്കുക.*

|

## ലക്ഷ്യം 3

സമൂഹത്തിൽ സ്ത്രീകളും കുട്ടികളും നേരിടുന്ന അരക്ഷിതാവസ്ഥ പങ്കാളിത്ത രീതിയിൽ പഠന വിധേയമാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പരിഹാരം കാണേണ്ട മുൻഗണനാ മേഖലകൾ നിശ്ചയിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ അരക്ഷിതാവസ്ഥ ആഘാതം ഇല്ലായ്മ ചെയ്യുക/കുറയ്ക്കുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം.

## വൾനറബിലിറ്റി മാപ്പിംഗ്.

**പദ്ധതി**

ജെന്റർ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ മേഖലകളിൽ നിലനിൽക്കുന്ന അരക്ഷിതാവസ്ഥ എന്തെല്ലാം എന്നും ഇത് സമൂഹത്തെ പ്രത്യേകിച്ച് സ്ത്രീകളെ എങ്ങനെ ബാധിക്കുന്നു എന്നും കണ്ടെത്തുന്നതിനുള്ള പ്രവർത്തന പദ്ധതിയാണ് വൾനറബിലിറ്റി മാപ്പിംഗ്. തിരഞ്ഞെടുത്ത 28 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തനം നടപ്പിലാക്കുക.

അയൽക്കൂട്ട പ്രദേശങ്ങളിൽ സ്ത്രീ സൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടുകൂടി, നിലവിൽ പ്രാദേശികമായി വിവിധ മേഖലകളിൽ ലിംഗപദവിയുടെ അടിസ്ഥാനത്തിൽ നിലനിൽക്കുന്ന അരക്ഷിതാവസ്ഥയെ കണ്ടെത്തുക, ഒരു പ്രദേശത്തെ അരക്ഷിതാവസ്ഥയിലേയ്ക്ക് നയിക്കുന്ന പ്രധാന ഘടകങ്ങളേയും അതിന്റെ കാരണങ്ങളെയും കണ്ടെത്തുകയും പ്രതിരോധ-പ്രതികരണ രൂപപ്പെടുത്തുകയും ചെയ്യുക., അരക്ഷിതാവസ്ഥയും ലിംഗപദവി അസമത്വങ്ങളും കണ്ടെത്തുന്നതോടൊപ്പം ഇവയെ കണ്ടെത്തി തക്കതായ ഇടപെടലുകൾ നടത്തുന്നതിന് സ്ത്രീകളെ പ്രാപ്തരാക്കുക, മാപ്പിംഗിലൂടെ കണ്ടെത്തിയ പ്രശ്നങ്ങളെ ഇല്ലാതാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് വകുപ്പുകളുടെയും സഹകരണത്തോടെ വിവിധ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുക തുടങ്ങിയവയാണ് ഈ പരിപാടിയിലെ പ്രധാന പ്രവർത്തനങ്ങൾ.

I

*പശ്ചാത്തലം*

*കുടുംബശ്രീ സ്ത്രീപദവി സ്വയംപഠന പ്രക്രിയയുടെ മൂന്നാം പഠന പ്രവർത്തനത്തിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ ജില്ലാ, സിഡിഎസ്, അയൽക്കൂട്ട തലങ്ങളിൽ നടക്കുകയുണ്ടായി. സഞ്ചാരവും അതിക്രമങ്ങളും എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ അയൽക്കൂട്ട തലങ്ങളിൽ ആരംഭിക്കുന്നതിന്റെ പ്രാരംഭമായി ജില്ലകളിൽ പ്രാഥമിക പഠനങ്ങൾ നടന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ രീതിയിലുള്ള അതിക്രമങ്ങൾ സ്ത്രീകൾക്കുനേരെ നടക്കുന്നതായും പല മേഖലകളിലും വിവിധങ്ങളായ അരക്ഷിതാവസ്ഥ നിലനിൽക്കുന്നതായും കണ്ടെത്താൻ കഴിഞ്ഞു. 2015 സാമ്പത്തിക വർഷം തൃശ്ശൂരിൽ വച്ച് നടന്ന ജെൻഡർ റിസോഴ്സ് ടീം അംഗങ്ങളുടെ സംഗമത്തിൽ വിവിധ ഇടങ്ങളിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെയും ക്ലേശ ഘടകങ്ങളെയും കണ്ടെത്തുന്നതിനായി ടീ അംഗങ്ങൾ ഗ്രൂപ്പുകളായി തിരിഞ്ഞ് ഇടങ്ങൾ സന്ദർശിച്ച് പഠന വിധേയമാക്കി. അവരുടെ റിപ്പോർട്ടിന്റെ അവതരണത്തിൽ ഓരോ പ്രദേശത്തും സുരക്ഷിതമായ സാമൂഹ്യ ഇടം സൃഷ്ടിക്കുന്നതിൽ വിവിധങ്ങളായ ക്ലേശ ഘടകങ്ങൾ ഉണ്ടെന്ന് തിരിച്ചറിയുവാനും അവയെ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണമെന്നുമുമ ആശയം രൂപപ്പെട്ടു. ഈ തിരിച്ചറിയലിന്റെ അടിസ്ഥാനത്തിലാണ് പ്രാഥമിക പഠനമെന്ന നിലയിൽ അരക്ഷിതാവസ്ഥ പഠന അഥവാ വൾനറബിലിറ്റി മാപ്പിംഗ് ആദ്യഘട്ടത്തിൽ 28 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലും പിന്നീട് 140 പ്രദേശങ്ങളിലും നടത്തിയത്.*

*അരക്ഷിതാവസ്ഥാപഠനം നടത്തിയ വിവിധ മേഖലകൾ*

- *പട്ടിണി, ഭക്ഷ്യ സുരക്ഷ പ്രശ്നങ്ങൾ, കാർഷിക മേഖലയിലെ പ്രശ്നങ്ങൾ.*
- *ആരോഗ്യം - ആരോഗ്യ സ്ഥാപനങ്ങളുടെ പൊതു അവസ്ഥ - സ്ഥിരം രോഗികൾ, മാനസിക-ശീരീരിക വൈകല്യം, വിഭിന്ന ശേഷി , പകർച്ചവ്യാധികൾക്ക് അടിമപ്പെട്ടവർ തുടങ്ങിയവ എല്ലാം ഇതിന്റെ ഭാഗമായി വന്നു.*
- *വിദ്യാഭ്യാസം - സ്ത്രീകളുടെയും പുരുഷൻമാരുടെയും വിദ്യാഭ്യാസ അവസ്ഥ, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സൗകര്യങ്ങൾ, അവസരങ്ങൾ - സാധ്യതകൾ*
- *ശുചിത്വം, ജലം*
- *തൊഴിലും ബന്ധപ്പെട്ട മേഖയും*
- *അസംഘടിത മേഖലയിലെ തൊഴിലാളികൾ അവരുടെ അവസ്ഥ*
- *വിവിധങ്ങളായ സാമൂഹ്യ പ്രശ്നങ്ങൾ.*

*വർണറബിലിറ്റി മാപ്പിംഗ് രീതിശാസ്ത്രം*

- *പ്രാഥമിക വിവര ശേഖരണം : പൊതുസഭ, അയൽക്കൂട്ടങ്ങൾ,സ്ഥാപനങ്ങൾ, തൊഴലുറപ്പ്, തൊഴിലാളികൾ, വിവിധ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തനങ്ങൾ, വിവിധ സംഘടനകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ.*

- *ദ്വിതീയ വിവര ശേഖരണം :*  *തദ്ദേശ സ്വയംഭരണ സ്ഥാപനം, അംഗൻവാടി, കുടുംബശ്രീ സി.ഡി.എസ്, ഐ.സി.ഡി.എസ്, പി.എച്ച്.സി തുടങ്ങിയവയെല്ലാം.*

- *സ്ഥാപന വിശകലനം :* *ഓരോ മേഖലകളുമായി ബന്ധപ്പെട്ടുവരുന്ന സ്ഥാപനങ്ങളുടെ വിശകലനം.*

- *കുടുംബശ്രീ സംഘടനാ സംവിധാന വിശകലനം:* *സി.ഡി.എസ്, എ.ഡി.എസ്, എൻ.എച്ച്.ജി*

- *ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ :* *വിവിധ പദ്ധതികളുടെ ഗുണഭോക്താക്കൾ, അയൽക്കൂട്ടാ അംഗങ്ങൾ വിവിധ തൊഴിലിടങ്ങളിലെ തൊഴിലാളികൾ, വ്യത്യസ്തങ്ങളായ പ്രശ്നങ്ങളെ നേരിടുന്ന ജനങ്ങൾ, അദ്ധ്യാപകൻ-വിദ്യാർത്ഥികൾ തുടങ്ങി ഓരോ മേഖലയുമായി ബന്ധപ്പെട്ട ആളുകൾ.*

*വർണബിലിറ്റി മാപ്പിംഗ് പ്രവർത്തനങ്ങളുടെ ഫലമായി 168 തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ വിവിധ പദ്ധതികൾക്കായി 66,80,42,024/-രൂപ വകയിരുത്തി. കൃഷി അനുബന്ധമേഖല, ആരോഗ്യം, പൊതുവിദ്യാഭ്യാസം, അടിസ്ഥാന സൗകര്യം/പാശ്ചാത്തല വികസനം, വനിതാ വികസനം, തൊഴിൽ, അതിക്രമങ്ങൾക്കെതിരെയുള്ള പ്രതിരോധം എന്നീ മേഖലകളായിട്ടാണ് വിവിധ പദ്ധതികൾക്കായി തുക വകയിരുത്തിയിട്ടുള്ളത്.*

*പ്രവർത്തന തന്ത്രം*

- *മാപ്പിംഗ് പ്രവർത്തനങ്ങൾക്കായുള്ള ആശയം രൂപീകരിക്കുന്നതിനുള്ള കൺസൾട്ടേഷൻ സംസ്ഥാന തലത്തിൽ (ആദ്യഘട്ടങ്ങളിലെ അനുഭവങ്ങളുടെ വെളിച്ചത്തിൽ)*
- *ആവശ്യമായ ഗൈഡ്‌ലൈനുകൾ, മൊഡ്യൂളുകൾ, ചോദ്യാവലികൾ, കൈപ്പുസ്തകം എന്നിവയുടെ രൂപീകരണം.*
- *തദ്ദേശസ്വയംഭരണ സി.ഡി.എസ്സ് അദ്ധ്യക്ഷ/അദ്ധ്യക്ഷൻമാരുടെ യോഗം - പദ്ധതി വിശദീകരണം - സംസ്ഥാന ജില്ലാതലങ്ങളിൽ*
- *തെരഞ്ഞെടുക്കപ്പെട്ട ഫെസിലിറ്റേറ്റർമാർക്കുള്ള പരിശീലനം - സംസ്ഥാനതലം*
- *സി.ഡി.എസ്സ് - എ.ഡി.എസ്സ് തലത്തിൽ നിന്നും തെരഞ്ഞെടുത്ത ഫെസിലിറ്റേറ്റർമാർക്കുള്ള പരിശീലനം-ജില്ലാതലം.*
- *വിവിധ തലങ്ങളിലുള്ള മീറ്റിംഗുകൾ - ജില്ല*
- *സ്ത്രീ പദവി അവസ്ഥാ വിശകലന പഠനം*
- *വൾനറബിലിറ്റി മാപ്പിംഗ് പ്രവർത്തനങ്ങൾ വാർഡുതലത്തിൽ:- പ്രാഥമിക വിവര ശേഖരണം, ദ്വിതീത വിവരശേഖരണം, സ്ഥാപനവിശകലനം, ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ*
- *പഠന കണ്ടെത്തലുകൾ തദ്ദേശഭരണ സ്ഥാപന ജനപ്രതിനിധികളുടെ മുന്നിൽ അവതരിപ്പിച്ച് കണ്ടെത്തലുകളെ പദ്ധതി നിർദ്ദേശൻഹളാക്കി മാറ്റുകയും സി ഡി എസ് ഡിമാന്റ് പ്ലാനിൽ ഉൾപ്പെടുത്തുകയും ചെയ്യുക.*

*ഓരോ ക്വാർട്ടറിലും കൈവരിക്കേണ്ട നേട്ടങ്ങൾ*

I

*ക്വാർട്ടർ1- 2019 മെയ്- ജൂലൈ*

- *മുൻ വർഷങ്ങളിൽ നടന്ന അരക്ഷിതാവസ്ഥാ പഠനത്തിന്റെ വിലയിരുത്തലാണ് ആദ്യം സംഘടിപ്പിയ്ക്കുക. ഇതിന്റെ അടിസ്ഥാനത്തിലായിരിയ്ക്കും ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.*
- *വനിതാ ഘടക പദ്ധതി മികച്ച രീതിയിൽ നടപ്പിലാക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ തിരഞ്ഞെടുപ്പ്.*
- *വിവിധ കൺസൽട്ടേഷൻ മീറ്റിംഗുകൾ*
- *ലളിതവും പ്രായോഗികവുമായ പ്രവർത്തന മാർഗ്ഗരേഖ രൂപീകരിയ്ക്കൽ*

*ക്വാർട്ടർ-2- 2019ആഗസ്റ്റ്- ഒക്ടോബർ*

- *പ്രവർത്തകർക്കാവശ്യമായ പരിശീലനം*
- *സംസ്ഥാന/ജില്ലാ/ സി ഡി എസ്തല ആസൂത്രണം*
- *പ്രവർത്തന കലണ്ടർ പ്രകാരം പ്രവർത്തന ഘട്ടങ്ങൾ പൂർത്തിയാകുന്നുവെന്ന് ഉറപ്പാക്കൽ*
- *ഫീൽഡ്തല പ്രശ്നപരിഹാരത്തിനായി ജില്ലാ/ബ്ലോക്ക് തലങ്ങളിൽ പ്രശ്നപരിഹാര സെൽ രൂപീകരിയ്ക്കുക. സെൽ പ്രവർത്തനത്തിനായി വിദഗ്ധരുടെ സേവനം ലഭ്യമാക്കുക.*

*ക്വാർട്ടർ -3-2019 നവംബർ- 2020 ജനുവരി*

- *സർവ്വേയിലൂടെ കണ്ടെത്തിയ വിവരങ്ങളുടെ വിശകലനം അത്യാവശ്യ ഘട്ടങ്ങളിൽ പുനഃപരിശോധനയും ഈ ഘട്ടത്തിൽ നടപ്പിൽ വരുത്തുന്നു.*
- *ലഭ്യമായ വിവരങ്ങളുടെ ക്രോഡീകരണമാണ് അടുത്ത ഘട്ടം. തുടർന്ന് പ്രദേശത്ത് ലഭ്യരായ വിദഗ്ധരുടെ സഹായത്തോടെ അരക്ഷിതാവസ്ഥാ റിപ്പോർട്ട് തയ്യാറാക്കുന്നു.*

1. *പ്രോജക്ട് തയ്യാറാക്കലും സി ഡി എസ് ഡിമാന്റ് പ്ലാൻ തയ്യാറാക്കലും*
   *റിപ്പോർട്ടിൽ കണ്ടെത്തിയ അരക്ഷിതാവസ്ഥ പരിഹരിയ്ക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ രൂപീകരിയ്ക്കുക. ഇവയെ പദ്ധതി നിർദ്ദേശങ്ങളാക്കി മാറ്റുക. ഈ നിർദ്ദേശങ്ങൾ സി ഡി എസ് ഡിമാന്റ് പ്ലാനിന്റെ ഭഗമാകുന്നുവെന്ന് ഉറപ്പാക്കുക.*
2. *സംയോജനം*
   *തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ അരക്ഷിതാവസ്ഥാ ലഘൂകരണത്തിനായി എത്ര പദ്ധതികൾ ഉൾപ്പെട്ടുവെന്ന് പരിശോധിയ്ക്കുന്നു. സി ഡി എസ്, ജെന്റർ റിസോഴ്സ് പേഴ്സൺമാർ തുടങ്ങിയവർ മുഖേന പദ്ധതികൾ നേടുന്നതിനായി ആവശ്യമായ സമ്മർദ്ദം ചെലുത്തുന്നു.*
3. *വിലയിരുത്തലും ഡോക്യുമെന്റേഷനും*

|

എത്രമാത്രം പദ്ധതികൾ നടപ്പിലാക്കപ്പെട്ടു. അതിന്റെ ഭാഗമായി എത്രമാത്രം മാറ്റം ഉണ്ടായി, പ്രവർത്തന രീതികളിൽ എന്തെല്ലാം മാറ്റം വരുത്തണം, ഭാവിയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം തുടങ്ങിയവയാണ് വിലയിരുത്തലിനും ഡോക്യുമെന്റേഷനും വിധേയമാക്കുന്നത്.

പ്രതീക്ഷിത നേട്ടം

തിരഞ്ഞെടുത്ത 28 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വ്യത്യസ്ത മേഖലകളിൽ ലിംഗപദവി അടിസ്ഥാനത്തിൽ നിലനിൽക്കുന്ന അരക്ഷിതാവസ്ഥ കണ്ടെത്തി വിവിധ വകുപ്പുകളുടെ സഹായത്തോടെ ഇവയെ ഇല്ലായ്മ ചെയ്യുക

ലക്ഷ്യം 4

14 ജില്ലകളിലുമായി പ്രവർത്തിയ്ക്കുന്ന കുടുംബശ്രീ കമ്മ്യൂണിറ്റി തീയേറ്റർ വിഭാഗമായ രംഗശ്രീയുടെ പ്രാപ്തിവർദ്ധനവും വരുമാന വർദ്ധനവുമാണ് ഈ പരിപാടിയുടെ ലക്ഷ്യം.

## രംഗശ്രീ

പശ്ചാത്തലം

കലാപ്രവർത്തനത്തെ ഉപജീവനത്തിനായി ഉപയോഗിക്കുന്നതിനായി സ്ത്രീകളുടെ നേതൃത്വത്തിൽ വിവിധ സംരംഭ പ്രവർത്തനങ്ങൾ കൊടുംബശ്രീയുടെ നേതൃത്വത്തി;ൽ നടത്തി വരുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് രംഗശ്രീ കമ്മ്യൂണിറ്റി തീയറ്റർ ഗ്രൂപ്പുകൾ. കലാ സാംസ്കാരിക രംഗത്ത് സ്ത്രീകളുടെ സാന്നിധ്യം ഉണ്ടെങ്കിലും അത് പലപ്പോഴും ചില മേഖലകളിൽ മാത്രമായി ഒരുങ്ങിപ്പോകുന്നു. സാംസ്കാരിക മേഖലയിലെ സ്ത്രീ സാന്നിധ്യം ഉറപ്പാക്കുന്നതിനും, കൂടാതെ ജനോപകാരപ്രദമായ പരിപാടികളും ബോധവത്കരണവും നടത്തുന്നതിനും ജീവിതായോധനത്തിനും രംഗശ്രീ ഗ്രൂപ്പുകളുടെ പ്രവർത്തനത്തിലൂടെ കഴിയുന്നു. ഇവർ ഗവൺമെന്റ്, ഗവൺമെന്റിതര സ്ഥാപനങ്ങളുമായി ചേർന്ന് കേരളത്തിലുടനീളം വിവിധ ക്യാമ്പെയിനുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

| ഡിപ്പാർട്ട്മെന്റ് | ക്യാമ്പെയിൻ |
|---|---|
| Health | ODF |
| Energy | Energy Conservation Management Cell |

|

| | |
|---|---|
| Health | Health awareness Mission Anthyodaya. |
| Sociall Justice | Old Age day |
| Kerala Lotteries | Nava Kerala Lottery |
| Kudumbashree | Various Programme |

നാടകത്തിന്റെ വിവിധ മേഖലകൾക്കൊപ്പം ജെന്റർ കാഴ്ചപ്പാട് വളർത്തുകയും അതിനനുസൃതമായി പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക എന്നതും രംഗശ്രീയുടെ ചുമതലയാണ്. ഇതിനായി വിവിധ മേഖലകളെ ഉൾപ്പെടുത്തിയുള്ള പരിശീലനം ആവശ്യമാണ്.

പ്രവർത്തന തന്ത്രം

1. എല്ലാ രംഗശ്രീ അംഗങ്ങൾക്കും സംസ്ഥാനതലത്തിൽ പരിശീലനം
    1. ജെൻഡർ അവബോധം
    2. നാടക അവതരണം
    3. അഭിനയം, ഗാനം
    4. സ്ക്രിപ്റ്റ് തയ്യാറാക്കൽ
    5. സ്റ്റേജ്/പ്രോപ്പർട്ടി തയ്യാറാക്കൽ
    6. സംവിധാനം
2. സംസ്ഥാന/ജില്ലാ തലങ്ങളിൽ വിവിധ വകുപ്പുകളുമായി ചേർന്ന് ക്യാമ്പെയിനുകൾ കണ്ടെത്തി നടപ്പിലാക്കുക.
3. രംഗശ്രീ അംഗങ്ങൾ തന്നെ അവരുടേതായ അവസരങ്ങൾ കണ്ടെത്തുക.
4. എല്ലാ രംഗശ്രീ ഗ്രൂപ്പുകളും എം.ഇ യൂണിറ്റുകൾ ആയി രജിസ്റ്റർ ചെയ്യുക.

ഓരോ ക്വാർട്ടറിലും കൈവരിക്കേണ്ട നേട്ടങ്ങൾ

ക്വാർട്ടർ-1- 2019 മെയ്- ജൂലൈ

1. ആവശ്യകതാ നിർണ്ണയവും പ്രവർത്തനാവലോകനവും

   രംഗശ്രീ ഗ്രൂപ്പ് അംഗങ്ങളിൽ നിന്നും അവരുടെ പ്രാപ്തി വർദ്ധനവിനായി എന്തെല്ലാം പരിശീലനങ്ങൾ/പരിപാടികളാണ് സംഘടിപ്പിക്കേണ്ടതെന്നും, 2018 - 2019 സാമ്പത്തിക വർഷം രംഗശ്രീ ഗ്രൂപ്പുകൾ ഏറ്റെടുത്ത പ്രവർത്തനങ്ങളും പങ്കാളിത്ത രീതിയിൽ വിലയിരുത്തി 2019 - 20 സാമ്പത്തിക വർഷത്തെ ലക്ഷ്യങ്ങൾ നിശ്ചയിക്കുക.

|

*ഓരോ ടീമും 2019 - 20 വർഷം നേടിയെടുക്കുന്ന വിവിധ പരിപാടികളുടെ എണ്ണം നിശ്ചയിക്കുക. അതോടൊപ്പം വിവിധ ജില്ലാപഞ്ചായത്തുകളുമായി ചേർന്ന് ഗ്രൂപ്പിന്റെ വിപുലീകരണത്തിനാവശ്യമായ സംയോജിത പദ്ധതികളുടെ സാധ്യതകൾ പരിശോധിക്കുക .പരിശീലങ്ങൾക്കായി സമീപിക്കാവുന്ന വിവിധ ഏജൻസികൾ*

- KSACS
- KSLMA
- MGNREGA
- KSFE
- Sanitation Mission
- *ഊർജ്ജ മിഷൻ*
- *വിമുക്തി മിഷൻ*
- *ആരോഗ്യ വകുപ്പ്*
- *എൻ എച്ച് എം*
- *അനെർട്ട്*
- *മലിനീകരണ നിയന്ത്രണ ബോർഡ്*
- *ഡിസാസ്റ്റർ മാനേജ്മെന്റ്*
- *വിദ്യാഭ്യാസ വകുപ്പ്*
- *സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ*

*ക്വാർട്ടർ 2- 2019 ആഗസ്റ്റ്- ഒക്ടോബർ*

- *സംരംഭമായി രജിസ്റ്റർ ചെയ്യാത്ത ടീമുകൾ ചെയ്യുക*
- *വിവിധ സംരംഭ സഹായങ്ങൾ ഉറപ്പാക്കുക - റിവോൾവിംഗ് ഫണ്ട്, ടെക്നോളജി ഫണ്ട്, ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് തുടങ്ങി കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന വിവിധ സംരംഭ സഹായങ്ങൾ അർഹതയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിക്കുക.*
- *കൺസോർഷ്യം സാധ്യതകൾ പരിശോധിക്കുക*
- *തെരുവു നാടകങ്ങൾ നടത്തുക*

*ക്വാർട്ടർ-3- 2019 നവംബർ- 2020 ജനുവരി*

- *തെരുവു നാടകങ്ങൾ നടത്തുക- തുടർച്ച*

|

- *വാർഷിക പദ്ധതി നിർദ്ദേശങ്ങളുടെ ഫലപ്രാപ്തി, ഏറ്റെടുത്ത കാര്യങ്ങൾ, വരുമാനം, പൊതുജനാഭിപ്രായം, ഗ്രൂപ്പ് അംഗങ്ങൾക്കുണ്ടായ മാറ്റം തുടങ്ങിയവ ഉൾപ്പെടെ വിലയിരുത്തലിനും ഡോക്യുമെന്റേഷനും വിധേയമാക്കുക.*

*പ്രതീക്ഷിത നേട്ടം*

*രംഗശ്രീ ടീം അംഗങ്ങളുടെ പ്രാപ്തി വർദ്ധനവും വരുമാന വർദ്ധനവും*

*ലക്ഷ്യം 5*

*വിവിധ കാരണങ്ങളാൽ ഒറ്റപ്പെട്ടു കഴിയുന്നവർക്ക് അവരുടെ ഒറ്റപ്പെടൽ അവസാനിപ്പിക്കുന്നതിനും സമൂഹം കൂടെയുണ്ട് എന്ന് ബോധ്യപ്പെടുത്തുന്നതിനുമായി നടപ്പിലാക്കുന്ന പദ്ധതി. അയൽക്കൂട്ടങ്ങളുടെ സാമൂഹ്യ ഉത്തരവാദിത്തം നിറവേറ്റുന്നതിനുള്ള അവസരം സൃഷ്ടിക്കുക എന്നതും ഈ പരിപാടിയുടെ ലക്ഷ്യമാണ്.*

*സ്നേഹിത കോളിംഗ് ബെൽ*

ആരും പിന്തുണക്കാനില്ലാത്ത സമൂഹത്തിൽ ഒറ്റപ്പെട്ടു താമസിക്കുന്നവരേയും മുതിർന്ന പൗരൻമാരെയും ശ്രദ്ധയും പരിചരണവും ആവശ്യമുള്ളവരുമായ 56678 വ്യക്തികളെ കേരളത്തിലെ 14 ജില്ലകളിൽ നിന്നുമായി കണ്ടെത്തിയിട്ടുണ്ട്. ഇവരുടെ സാമൂഹികമായ ഒറ്റപ്പെടൽ ഇല്ലാതാക്കുക എന്നതാണ് ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം.

ഇവരുടെ ആവശ്യങ്ങൾക്കനുസൃതമായ സഹായവും പിന്തുണയും വിവിധ വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും സഹകരണത്തോടെ നല്കുക, എന്നത് 2019-20 ൽ സ്നേഹിത കോളിംഗ് ബെൽ പദ്ധതിയുടെ ഒരു പ്രധാന ലക്ഷ്യമാണ്. കുടുംബശ്രീ സംഘടനാ സംവിധാനത്തിലൂടെ തുടർച്ചയായ പിന്തുണയും സഹായവും നല്കുക എന്നതും പ്രധാനമാണ്.

## പശ്ചാത്തലം

2017-18 വർഷത്തിൽ കാസർഗോഡ് സ്നേഹിത ജെന്റർ ഹെൽപ്പ് ഡെസ്കിന്റെ നേതൃത്വത്തിൽ കുറ്റിക്കോൽ പഞ്ചായത്തിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് സ്നേഹിത കോളിംഗ് ബെൽ. ഒരു അയൽക്കൂട്ട പരിധിയിൽ ഒറ്റപ്പെട്ടു താമസിക്കുന്ന ആളുകളെ കണ്ടെത്തി അയൽക്കൂട്ട ആരോഗ്യദായക വോളന്റിയറുടെ നേതൃത്വത്തിൽ അവർക്കാവശ്യമായ പിന്തുണ നൽകുക എന്ന ഉദ്ദേശത്തോടുകൂടി കാസർകോഡ് ജില്ലാമിഷൻ ഈ പദ്ധതി നടപ്പിലാക്കി. കേരളത്തിൽ ഇങ്ങനെ ഒറ്റപ്പെട്ടു കഴിയുന്നവരുടെ സുരക്ഷയും ജീവനും ഏറ്റെടുക്കേണ്ടതിൽ ദാരിദ്ര്യ നിർമ്മാർജ്ജന മിഷനായ കുടുംബശ്രീയുടെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് 2018-19 വർഷം ഈ പദ്ധതി 14 ജില്ലകളിലേക്കും വ്യാപിപ്പിക്കുകയും ചെയ്തു. പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിനു 56687 വ്യക്തികളെ കണ്ടെത്തി രണ്ടാംഘട്ട വിശകലനത്തിനായി നേരിട്ട് ഇവരുടെ വീടുകൾ സന്ദർശിച്ച് പട്ടികയിൽ ഉൾപ്പെടുത്തേണ്ടവരെ ഉറപ്പാക്കി ആഹാരം, പാർപ്പിടം, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസ ആവശ്യങ്ങൾ, പാലിയേറ്റീവ് കെയർ, സുരക്ഷ, മാനസിക പിന്തുണ, മറ്റ് ആവശ്യങ്ങൾ എന്നീ തരം തിരിക്കലിലൂടെ ജില്ലകളിൽ ആവശ്യങ്ങൾക്കനുസൃതമായി പട്ടികപ്പെടുത്താൻ സാധിച്ചു.

ഈ ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ മെഡിക്കൽ ക്യാമ്പുകൾ, ആശ്രയാ പദ്ധതിയിൽ ഉൾപ്പെടുത്തൽ, പാർപ്പിടം ലഭ്യമാക്കുന്നതിനുള്ള ഇടപെടൽ, കമ്മ്യൂണിറ്റി കൗൺസിലറുടെയും സ്നേഹിതാ ഉദ്യോഗസ്ഥരുടേയും സ്ഥിരം സന്ദർശനം, പകൽ വീടുമായി ബന്ധപ്പെടുത്തൽ എന്നിവ നടത്തുന്നതിന് സാധിച്ചു. കുടുംബശ്രീ സംഘടനാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നു.

## പദ്ധതിയുടെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ

- സമൂഹത്തിൽ ഒറ്റപ്പെട്ടു കഴിയുന്ന എല്ലാ വിഭാഗം വ്യക്തികളുടേയും സുരക്ഷ ഉറപ്പാക്കുക.
- വീടുകളിൽ ഒറ്റയ്ക്കു താമസിക്കുന്ന വ്യക്തികളുമായും മുതിർന്ന പൗരൻമാരുമായും-വൃദ്ധദമ്പതികളുമായും സംവദിക്കുകയും ആശ്വാസം നൽകുകയും ചെയ്യുക.

|

- ഒറ്റപ്പെടലിൽ നിന്നും മുക്തമാക്കുക, പൊതു സമൂഹവുമായി ബന്ധിപ്പിക്കുക.
- ഒറ്റപ്പെട്ട് കഴിയുന്നവരിൽ -സ്ത്രീകളെ കുടുംബശ്രീ സംഘടന സംവിധാനം, സമീ ‌ ‌ ‌ ‌ ‌ ‌ പ ത്തുള്ള സാമൂഹ്യ-സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെടു ത്തുക.അവരുടെ മാന സികോല്ലാസത്തിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുക.
- ഉപജീവന മാർഗ്ഗങ്ങളിൽ ഏർപ്പെടാൻ കഴിയുന്നവർക്ക് അതിനുള്ള പ്രേരണയും പരിശീലനവും നൽകുക.
- വിവിധ ക്ഷേമ പദ്ധതികളുമായി ബന്ധിപ്പിക്കുക.

പ്രവർത്തന തന്ത്രം

- ആവശ്യങ്ങൾക്ക് അനുസൃതമായി വ്യക്തിവിവരങ്ങൾ വിവരങ്ങൾ ശേഖരിച്ച് പ്രത്യേക ഫോർമാറ്റിൽ സൂക്ഷിക്കുക
- കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലർ/അയൽക്കൂട്ട ആരോഗ്യദായക വോളിയർ എന്നിവരുടെ സന്ദർശനം വിലയിരുത്തൽ
- സേവനം, പ്രവർത്തന പുരോഗതി എന്നിവ രേഖപ്പെടുത്തുന്നതിനായി യഎില്ലാ എഡി എസ്/സിഡിസ്സുകളിൽ രജിസ്റ്റർ സൂക്ഷിക്കുക
- ജില്ലകളിൽ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ യോഗ വിളിച്ച് പദ്ധതി യും, വിവര കണക്കുകളും അവതരിപ്പിക്കുക
- സംസ്ഥാന തലത്തിൽ വിവിധ വകുപ്പുകളുടെ ഒരു ഏകോപന മീറ്റിംഗ് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിളിച്ച് റിപ്പോർട്ട് അവതരിപ്പിക്കുക. ഇതിന്റെ അടിസ്ഥാന ത്തിൽ ഓരോ വകുപ്പിനും ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ശേരിച്ച് വേ നടപടികൾ സ്വീകരി ക്കുക
- സ്നേഹിത ഉദ്യോഗസ്ഥരുടെ ചുമതലയിൽ കൃത്യമായ മോണിറ്റിംഗും മോണിറ്ററിംഗും ടേബിളു കളിൽ രേഖപ്പെടുത്തലും
- വിജിലന്റ് ഗ്രൂപ്പ് അംഗങ്ങളുടെ സേവനം ഉപയോഗപ്പെടുത്തി പിന്തുണ സ്വീകർത്താക്കൾക്കായി പ്രത്യേക പരിപാടികൾ ആസൂത്രണം ചെയ്യാവുന്നതാണ്.
- കൃത്യമായ റിവ്യു ജില്ലാമിഷൻ നേരിട്ട് ചെയ്യേതാണ്. മൂന്നു മാസത്തിൽ ഒരിക്കൽ ആരോഗ്യ വോളിയർ, എഡിഎസ്, സിഡിഎസ് ഉപസമിതി കൺവീനർ എന്നിവരുടെ അവലോകന യോഗം നടത്താവുന്നതാണ്.

മൂന്ന് ക്വാർട്ടറിലുമായി കൈവരിക്കേണ്ട നേട്ടങ്ങൾ

ക്വാർട്ടർ-1- 2019 മെയ്- ജൂലൈ

- സ്നേഹിത കോളിംഗ് ബെൽ പ്രവർത്തനത്തിന്റെ ആദ്യ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുക
- ഇതിന്റെ അടിസ്ഥാനത്തിൽ ഭാവി പ്രവർത്തനങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ നിശ്ചയിക്കുക.

- പ്രവർത്തന മാർഗ്ഗരേഖ കാലാനസൃതമായി പുതുക്കുക
- ആവശ്യകതാ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ വിവിധ ക്ഷേമ, വികസന പ്രവർത്തനങ്ങളുമായുള്ള സംയോജനം.
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥത ഉറപ്പാക്കുന്ന പ്രവർത്തന നിർവഹണം.
- വ്യക്തിഗത പിന്തുണ പദ്ധതികൾ തയ്യാറാക്കുക
- പദ്ധതി നടത്തിപ്പിന്റെ ചുമതലക്കാരെ കണ്ടെത്തലും നിയോഗിക്കലും

ക്വാർട്ടർ-2- 2019 ആഗസ്റ്റ്- ഒക്ടോബർ

- അയൽക്കൂട്ടത്തിന്റെ ഉടമസ്ഥത ഉറപ്പാക്കുന്നതിനായി ഏപ്രിൽ രണ്ടാമത്തെ ആഴ്ചസ്നേഹിത കോളിംഗ് ബെൽ വാരമായി ആചരിയ്ക്കും. 'ആരും ഒറ്റയ്ക്കല്ല.... ഞങ്ങൾ കൂടെയുണ്ട്......' എന്ന തീമിന്റെ അടിസ്ഥാനത്തിലായിരിയ്ക്കും ഈ പ്രവർത്തനം സംഘടിപ്പിയ്ക്കുക.
- പിന്തുണാ സ്വീകർത്താക്കളുടെ ആവശ്യങ്ങൾ സമയബന്ധിതമായി നിർവ്വഹിക്കപ്പെടുക
- വിവിധ തിരിച്ചറിയൽ രേഖകൾ, സാമൂഹ്യ സുരക്ഷാ പദ്ധതികൾ എന്നിവയുടെ ലഭ്യത
- വിശദാംശങ്ങളുടെ വിവിധ തലങ്ങളിലുള്ള രജിസ്റ്ററുകൾ പുതുക്കൽ
- പിന്തുണ സ്വീകർത്താക്കൾക്ക് ആവശ്യമായ സഹായങ്ങൾ തുടർച്ചയായി ലഭ്യമാക്കുക (സംയോജന പ്രവർത്തനങ്ങൾ)

ക്വാർട്ടർ-3- 2019 നവംബർ- 2020 ജനുവരി

- സേവനങ്ങളുടെ തുടർച്ച ഉറപ്പാക്കൽ
- ബാലസഭാ പ്രവർത്തകരുടെ ഭവന സന്ദർശനം
- തദ്ദേശഭരണ സ്ഥാപനങ്ങൾ, ആശുപത്രികൾ,സ്വകാര്യ സ്ഥാപനങ്ങൾ എന്നിവരുടെ സഹായത്തോടെ വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക
- അഗതിരഹിത കേരളം ഗുണഭോക്തൃ പട്ടികയിൽ വരേണ്ടവരെ അതിൽ ഉൾപ്പെടുത്താനായി പരിശ്രമിയ്ക്കുക.
- സ്നേഹിത പിന്തുണാർത്ഥികളുടെ സംഗമങ്ങൾ, യാത്രകൾ എന്നിവ സി ഡി എസ് നേതൃത്വത്തിൽ സംഘടിപ്പിക്കുക.
- പദ്ധതി പ്രവർത്തന ഫലമായി സ്നേഹിത കോളിംഗ് ബെൽ സ്വീകർത്താക്കളിൽ വന്ന മാനസികവും വൈകാരികവും ആരോഗ്യപരവും സാമ്പത്തികവുമായ (അങ്ങനെയൊന്ന് ഉണ്ടെങ്കിൽ) വിലയിരുത്തുക.
- ഇതോടൊപ്പം മികച്ച പ്രവർത്തനങ്ങളും ഡോക്യുമെന്റ് ചെയ്യുക.

I

<u>***പ്രതീക്ഷിത നേട്ടം***</u>

- ***കുടുംബശ്രീ കണ്ടെത്തിയ ആരും പിന്തുണയ്ക്കാനില്ലാതെ 56687 പിന്തുണാ സ്വീകർത്താക്കളുടെ ആവശ്യങ്ങൾക്കനുസൃതമായി സഹായവും പിന്തുണയും ഉറപ്പു വരുത്തുക***

***ലക്ഷ്യം 6***

***അതിർത്തി ഗ്രാമങ്ങളിൽ നിന്നും മനുഷ്യക്കടത്തിന് വിധേയരായ സ്ത്രീകളുടെ സമഗ്ര പുരോഗതിയും പുനരധിവാസവുമാണ് ഈ പരിപാടിയുടെ ലക്ഷ്യം.***

***ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് പ്രോഗ്രാം***

***മനുഷ്യക്കടത്തിനിരയായി കൊടിയ ചൂഷണത്തിന് വിധേയരായവരുടെ പുനരധിവാസവും അവരേ സാധാരണ ജീവിതത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുമായി ആരംഭിച്ച പദ്ധതിയാണ് ഇത്.***

***പശ്ചാത്തലം***

I

*കുടുംബശ്രീ സംസ്ഥാനമിഷൻ(കേരള സംസ്ഥാന ദാരിദ്ര നിർമ്മാർജന മിഷൻ)നേതൃത്വത്തിൽ 2014 -15 സാമ്പത്തിക വർഷത്തിൽ നാഷ്ണൽ റൂറൽ ലൈവ്‌ലി ഹുഡ് പ്രോഗ്രാമിന്റെ (എൻ.ആർ.എൽ.പി) ഭാഗമായി കേരളത്തിലെ കുടിയേറ്റ മേഖലയും പാർശ്വവത്ക്കരിക്കപ്പെട്ട ദരിദ്ര വിഭാഗം കൂടുതലുള്ള പ്രദേശവും തമിഴ്നാട്,കർണാടക അതിർത്തി പങ്കിടുന്ന പിന്നോക്കാവസ്ഥ നേരിടുന്നതും ഹ്യൂമൻ ട്രാഫ്ഫിക്കിംഗ് നടക്കുന്നതുമായ ഇടുക്കി ,പാലക്കാട്,വയനാട് ജില്ലയിലെ താഴെ പറയുന്ന പഞ്ചായത്തുകളിൽ പൈലറ്റ് പ്രോജക്ടായി ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് പദ്ധതി ആരംഭിച്ചു.*

| ഇടുക്കി ജില്ലയിലെ ദേവികുളം ബ്ലോക്ക് | വയനാട് ജില്ലയിലെ മാനന്തവാടി ബ്ലോക്ക് | പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് |
|---|---|---|
| മൂന്നാർ | വെള്ളമുണ്ട | നെല്ലേപ്പള്ളി, |
| ദേവികുളം | തിരുനെല്ലി, | കൊഴിഞ്ഞാപ്പാറ |
| വട്ടവട | തവിഞ്ഞാൽ | ഇരുതേൻപതി |
| കാന്തല്ലൂർ | തൊണ്ടനാട് | വടകരപതി, |
| മറയൂർ | മാനന്തവാടി, | പോൽപള്ളി |
| മാങ്കുളം | എടവക | പെരുമാട്ടി |
| ചിന്നക്കനാൽ | | ഇലപ്പുള്ളി |
| ഇടമലക്കുടി | | |
| ശാന്തൻപാറ | | |

*പദ്ധതി പ്രവർത്തനത്തിന്റെ ആദ്യപടിയായി പരിശീലനം സിദ്ധിച്ച റിസോഴ്സ് പേഴ്സൺമാരുടെ നേതൃത്വത്തിൽ അവസ്ഥാപഠനം 2014-15 വർഷത്തിൽ നടത്തി.ഈ പഠനം ക്രോഡീകരിച്ച് പഞ്ചായത്തുകളിലെ ഹൈറിസ്ക്ക് ഗ്രൂപ്പിനെ കണ്ടെത്തി.കുടുംബശ്രീ ജീവനക്കാരുടെ നേതൃത്വത്തിൽ ഇവരുടെ കുടുംബ സന്ദർശനം നടത്തുകയും ഫോക്കസ് ഗ്രൂപ്പ് ഡിസ്ക്കഷൻ നടത്തുകയും വിവിധതരത്തിൽ ട്രാഫിക്കിംഗിൽപ്പെടാൻ സാധ്യതയുള്ളതുമായ. ആളുകളുടെ ഒന്നാംഘട്ടലിസ്റ്റ് തയ്യാറാക്കി ഇൻകം ജനറേഷൻ പ്രോഗാം വിജയകരമായും പ്രയോജനപ്രദമായും നടപ്പിലാക്കുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം.*

***കിരീാല ഏലിലൃമശേീ ജ്യൂീഴൃമാാല, ഢൗഹിമൃമയശഹശ്യേ ഞലറൗരശേീ എൗിറ എന്നിവ വിതരണം ചെയ്തതിന്റെ പട്ടിക***

| ജില്ല | IGP സപ്പോർട്ട് കൊടുത്തവർ | VRF സപ്പോർട്ട് കൊടുത്തവർ |
|---|---|---|

l

| | | ഒന്നാംഘട്ടം | 2 -ാംഘട്ടം | 3ാംഘട്ടം |
|---|---|---|---|---|
| ഇടുക്കി | 670 | 40 | 165 | 168 |
| പാലക്കാട് | 174 | 53 | | |
| വയനാട് | 376 | 20 | 145 | |

ഹൈ റിസ്ക്ക് ഗ്രൂപ്പിലെ ആളുകൾ പ്രധാനമായും വിധവകൾ,ഒറ്റപ്പെട്ടവർ,അവിവാഹിതരായ അമ്മമാർ, അവരുടെ കുട്ടികൾ,കടുത്ത ദാരിദ്ര്യംഅനുഭവിക്കുന്ന കുടുംബങ്ങൾ,ബാലവേലയിൽപ്പെട്ടവർ,ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുടുംബത്തിലെ ബ്രിഡ് വിന്നേഴ്സ് ,എയ്ഡ്സ് രോഗികൾ,ബാല വിവാഹത്തിൽപ്പെട്ടവർ,ട്രാൻസ് ജെൻഡേഴ്സ് തുടങ്ങിയവർ ആയിരുന്നു.ഇവരുടെ ശാരീരികവും,മാനസികവും ,നിയമപരവുമായ എല്ലാപിന്തുണാസംവിധാനങ്ങൾ ഉറപ്പുവരുത്തുന്നതിനു വേണ്ടി സ്നേഹിതാ ജെൻഡർ ഹെൽപ്പ് ഡെസ്ക്ക് ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചു.ഇതിനോടപ്പം അതാതു ജില്ലാമിഷനുകളുടെ നേതൃത്വത്തിൽ ലൈവ്ലി ഹുഡ് സപ്പോർട്ട്,ഫോളോ അപ്പ് പ്രവർത്തനങ്ങൾ എന്നിവയ്ക്കായി അതാതു ബ്ലോക്കുകേന്ദ്രങ്ങളിൽ മൈഗ്രേഷൻ സെന്ററുകൾ ആരംഭിച്ചു.അംഗൻവാടി വർക്കേഴ്സ്,ആശാപ്രവർത്തകർ,ജെൻഡർ റിസോഴ്സ് പേഴ്സൺഎന്നിവരുടെ സഹായത്തോടെ തൊഴിൽ വിവര ശേഖരണവും കുടുംബശ്രീ ഡിഡിയുജികെവൈ പോലുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിൽ വിഭാവനം ചെയ്തു. പദ്ധതി പ്രവർത്തനത്തെക്കുറിച്ച് ത്രിതലാ പഞ്ചായത്ത് സംവിധാനവും ഡിപ്പാർട്ട്മെന്റുകളും മനസ്സിലാക്കി പലവിധ സംയോജന പ്രവർത്തനങ്ങളിലൂടെ നടത്തിവരുന്നു.

- ഐ.ജി.എൻ.ഡബ്യു.പി.എ സ് (കിറശൃമഴമിറവശ ചമശേീിമഹ ണശറീം ജലിശെീി ടരവലാല)
- ശരണ്യസ്വയംതൊഴിൽ പദ്ധതി
- പ്രത്യാശാ പദ്ധതി
- അഭയകിരണം പദ്ധതി
  തുടങ്ങിയ പദ്ധതിയിൽ ഇവർക്കുവേണ്ടി സംയോജന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് കഎജ &ഡണഎ വിവരശേഖരണ ഘടകങ്ങൾ

- ഹൈ റിസ്ക്ക് ഗ്രൂപ്പിലെ അംഗങ്ങളുടെ അരക്ഷിതാവസ്ഥ കണ്ടെത്തൽ.
- അവസ്ഥാ പഠനം
- വ്യക്തികളുടെ സാമ്പത്തിക അവസ്ഥ മനസ്സിലാക്കൽ.
- സ്ത്രീപുരുഷ അനുപാതം തിട്ടപ്പെടുത്തുക.
- കേരളത്തിൽനിന്നും പുറത്തേയ്ക്കും കേരളത്തിലേയ്ക്കും ഉള്ളകുടിയേറ്റസ്ഥിതി
- വിവിധ സാമൂഹിക പ്രശ്നങ്ങളും അചാരങ്ങളും.

I

ഈ വിവരങ്ങളെ അടിസ്ഥാനമാക്കി വിശദമായവിവരശേഖരണം നടത്തുകയും ഹൈ റിസ്ക്ക് ഗ്രൂപ്പിൽപ്പെട്ട കുടുംബങ്ങളെ കണ്ടെത്തി ,എന്നാൽ പൂർണ്ണമായും നിലവിൽ ആരംഭിച്ച പദ്ധതികൊണ്ട് ട്രാഫിക്കിംഗ് മറികടക്കുന്നതിന് കഴിഞ്ഞിട്ടില്ല .ഈ സാഹചര്യത്തിലാണ് പദ്ധതിയിൽ തുടർ പ്രവർത്തനം ആവശ്യമായി വരുന്നത്.

തുടർ പദ്ധതിയുടെ അനിവാര്യത

2014 17വരെയുള്ള കാലയളവിൽ എ.എച്ച്.റ്റി പ്രോഗ്രാം ജില്ലാമിഷനിൽ നേരിട്ട് മോണിറ്ററിംഗ് നടത്താൻ സാധിച്ചിരുന്നു.നിലവിൽ സി.ഡി.എസുകളാണ് മോണിറ്ററിംഗ് നടത്തുന്നത്. ആദ്യഘട്ട ഐജിപി ഫണ്ടിന്റെ തിരിച്ചടവിലൂടെ അർഹരായ ഗുണഭോക്താക്കൾക്ക് ഇൻകം ജനറേഷൻ പ്രോഗ്രാം ചെറിയ തോതിൽ മുന്നോട്ടു പോകുന്നു.എന്നാൽ സംസ്ഥനത്തിന്റെ മറ്റ് പലഭാഗങ്ങളിലും പ്രവർത്തന ജില്ലയുടെ മറ്റ് ബ്ലോക്കുകളിലും പഞ്ചായത്തുകളിലും ട്രാഫിക്കിംഗിന്റെ ഇരകളാകുന്ന സ്ത്രീകളും കുട്ടികളും കുടുംബങ്ങളും ഇന്നുമുണ്ട്.ഗൗരവകരമായ ഇടപെടലുകൾ ആവശ്യമായ മേഖലയിൽ കൃത്യമായി ആസൂത്രണം ചെയ്ത പ്രവർത്തന തന്ത്രങ്ങൾ രൂപപ്പെടുത്തേണ്ടതുണ്ട്.

ഗുണഭോക്താക്കളായ കുടുംബങ്ങളെ ഉൾക്കൊള്ളിച്ചു കൊണ്ട് നടപ്പിലാക്കുന്ന പദ്ധതികൾ

- കഏജ പദ്ധതിയുടെ തുടർച്ച
- ഡിഡിയുജികെവൈ പദ്ധതി
- ജെൻഡർ പ്രവർത്തനങ്ങൾ
- കുടുംബശ്രീ എംഇ പദ്ധതി

പ്രധാന പ്രവർത്തനങ്ങൾ

- ആന്റി ഹ്യൂമൻ ട്രാഫാക്കിംഗ് പദ്ധതിയുടെ നിലവിലെ വിശദമായ അവസ്ഥ രേഖപ്പെടുത്തൽ
- ത്രിതല പഞ്ചയാത്ത് സംവിധാനത്തിൻ കീഴിൽ ഉൾപ്പെട്ട കുടുംബങ്ങളുടെ വിവര ശേഖരണം.
- ലഭ്യമായ ഡേറ്റയുടെ പുനപരിശോധന,ഗൃഹസന്ദർശനം,മൈക്രോ പ്ലാൻ തയ്യാറാക്കൽ.
- മൈക്രോ പ്ലാനുകളെ സർക്കാർ സർക്കാരിതര പദ്ധതികളുമായി സംയോജിക്കൽ

പ്രവർത്തന തന്ത്രം

- കുടുംബശ്രീ എൻആർഎൽഎം പദ്ധതിയുടെ സഹായത്തോടെ ട്രാഫിക്കിംഗ് സാധ്യതയുള്ള പ്രദേശത്തെ കണക്കുകൾ റിസോഴ്സ് പേഴ്സൺമാരുടെ സഹായത്തോടെ ശേഖരിക്കുക.
- കുടുംബശ്രീ എൻഎച്ച്ജി സംവിധാനത്തിൻ കീഴിൽ പ്രാദേശികമായ അറിവുള്ള വ്യക്തികളെ റിസോഴ്സ് പേഴ്ണൺമാരായി തെരഞ്ഞെടുക്കുക.

I

- സർവ്വേയിലൂടെ ലഭ്യാമായ ഡേറ്റ പ്രാഥമിക പരിശോധന കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലേഴ്സ് ,കോർടിം അംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ പരിശോധന നടത്തുന്നതാണ്.തുടർന്ന് ഉദ്യോഗസ്ഥതലത്തിലുള്ള പരിശോധന നടത്തും.
- അയൽകൂട്ട പ്രദേശതലത്തിൽ അതിജീവന ഉപജീവന പ്ലാൻ തയ്യാറാക്കുക.
- പഞ്ചായത്ത് തലത്തിൽ സംയോജന പ്രവർത്തനങ്ങളും സി ഡി എസിന്റെ ഉടമസ്ഥതയും (സി.ഡി.എസ്)
- ഗ്രാമതലത്തിൽ നിന്ന് കിട്ടുന്ന അവസ്ഥാപഠനത്തിന് ഫീൽഡ് വിസിറ്റു നടത്തി മുൻഗണന നിശ്ചയിച്ച് വിക്ടിം സപ്പോർട്ട് ഉറപ്പാക്കുന്ന തരത്തിൽ ഹൈ റിസ്ക്ക് മീറ്റ് നടത്തി, നിർദ്ദേശങ്ങൾ കുടുംബശ്രീ ജില്ലാമിഷൻ സംസ്ഥാന മിഷന് സമർപ്പിക്കുന്നു.

ഓരോ ക്വാർട്ടറിലും കൈവരിക്കേണ്ട നേട്ടങ്ങൾ

ക്വാർട്ടർ-1- 2019 മെയ്- ജൂലൈ

- നിലവിൽ എ എച്ച് ടി പ്രവർത്തനം നടപ്പിലാക്കിയ ജില്ലകളിൽ ഗുണഭോക്താക്കളുടെ യോഗം സി ഡി എസ് തലത്തിൽ വിളിച്ച് ചേർത്ത് പ്രവർത്തനങ്ങളിലും വരുമാനത്തിലുണ്ടായ മാറ്റം, മനോഭാവത്തിലുണ്ടായ മാറ്റം, സാമൂഹ്യമായ ഉൾച്ചേർക്കൽ, സാമൂഹിക ഇടപെടീൽ ശേഷിയിലുണ്ടായ മാറ്റം എന്നിവയും വിലയിരുത്തുക
- ഇംപാക്ട് അസസ്സ്മെന്റ് നടത്തി റിപ്പോർട്ട് തയ്യാറാക്കുക
- ഡിമാന്റ് പ്ലാൻ രൂപീകരണം
- പുതിയ ബ്ലോക്കുകളിലെ അവസ്ഥാ പഠനം
- തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- പുതുക്കിയ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിയ്ക്കുക
- റിസോഴ്സ് പേഴ്സൺ തെരഞ്ഞെടുപ്പ്:- പാർശ്വവൽക്കരിക്കപ്പെട്ട പ്രശ്നങ്ങളെ അതിജീവിച്ചവർക്ക് മുൻഗണന
- ആർ.പി മാരുടെ പരിശീലനം പദ്ധതി ആസൂത്രണം

ക്വാർട്ടർ-2- 2019 ആഗസ്റ്റ്- ഒക്ടോബർ

- സി ഡി എസ്, എ ഡി എസ് ഭാരവാഹികൾക്ക് ആവശ്യമായ സെൻസിറ്റൈസേഷൻ ക്ലാസുകൾ സംഘടിപ്പിയ്ക്കുക.
- നിലവിൽ പ്രവർത്തനം നടക്കുന്ന പ്രദേശങ്ങളിൽ ഗുണഭോക്താക്കളുടെ വരുമാന വർദ്ധനവ് ഉറപ്പാക്കുക.
- വിലയിരുത്തലിൽ കണ്ടെത്തിയ പോരായ്മകൾ പരിഹരിയ്ക്കുക
- സംയോജിത പ്രവർത്തനങ്ങളിലൂടെ കൂടുതൽ വിഭവങ്ങൾ കണ്ടെത്തുക.
- ഹൈ റിസ്ക്ക് പ്രദേശങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിയ്ക്കുക

|

- ബാലസഭാ പ്രവർത്തനം ശക്തിപ്പെടുത്തുക
- പദ്ധതി വ്യപനത്തിനായി ഹൈറിസ്ക്ക് പ്രദേശങ്ങൾ പങ്കാളിത്ത രീതിയിൽ കണ്ടെത്തുക.
- തിരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ റിസോഴ്സ് പേഴ്സന്മാരുടെ നേതൃത്വത്തിൽ അയൽക്കൂട്ട പ്രദേശത്ത് അവസ്ഥാ പഠനം.
- ലഭ്യമായ വിവരങ്ങളുടെ നിജസ്ഥിതി പരിശോധന കമ്മ്യൂണിറ്റി കൗൺസിലേഴ്സ് ,കോർ ടിം അംഗങ്ങളുടെ നേതൃത്വത്തിൽ സ്നേഹിതാ ടിം നിർവ്വഹിക്കുന്നു.
- ഇതുകൂടാതെ ബിസിമാർ ,സിഡിഎസ് ഉപസമിതി കൺവീനർമാർ പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ ഡിപിഎം ജെൻഡർ എന്നിവരുടെ നേതൃത്വത്തിൽ റാൻഡമായി സെലക്ഷൻ പുനപരിശോധിക്കുക.
- ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഹൈ റിസ്ക്ക് ഗ്രൂപ്പ് അംഗങ്ങളുടെ ഐജിപി മൈക്രോപ്ലാൻ തയ്യാറാക്കും.
- മൈക്രോപ്ലാനിന്റെ അടിസ്ഥാനത്തിൽ അർഹരായവർക്ക് പരിശീലനം, സാമ്പത്തിക., മാനസിക പിന്തുണകൾ നൽകൽ, ആവശ്യകതയനസരിച്ച് മറ്റ് ക്ഷേമ പദ്ധതികളുമായുള്ള സംയോജനം.
- ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ പരിശീലനം സിദ്ധിച്ച റിസോഴ്സ് പേഴ്സൺമാരുടെ നേതൃത്വത്തിൽ സംസ്ഥാന മിഷന്റെ ഗൂഗിൾ സ്പ്രെഡ് ഷീറ്റിൽ എല്ലാ മാസവും അപ്ഡേറ്റ് ചെയ്യുക.

ക്വാർട്ടർ-3- 2019 നവംബർ 2020 ജനുവരി

- ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ പരിശീലനം സിദ്ധിച്ച റിസോഴ്സ് പേഴ്സൺമാരുടെ നേതൃത്വത്തിൽ സംസ്ഥാന മിഷന്റെ ഗൂഗിൾ സ്പ്രെഡ് ഷീറ്റിൽ എല്ലാ മാസവും അപ്ഡേറ്റ് ചെയ്യുക.
- പദ്ധതിയുടെ പ്രവർത്തന കലണ്ടർ അനസരിച്ചുള്ള പ്രവർത്തനങ്ങളുടെ പൂർത്തീകരണം സംബന്ധിച്ച റിപ്പോർട്ട് രൂപീകരണം.
- ,ഫലപ്രാപ്തി പരിശോധന, ഭാവി പ്രവർത്തനങ്ങളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവ പ്രത്യേകം ഡോക്യൂമെന്റേഷൻ നടത്തുക.

പ്രതീക്ഷിത നേട്ടം

തിരഞ്ഞെടുത്ത മൂന്ന് ബ്ലോക്കുകളിൽ മനുഷ്യക്കടത്തിന് വിധേയരായവരും ആകാൻ സാധ്യതയുള്ളവരുമായവരുടെ സാമൂഹ്യ സാമ്പത്തിക പുനരധിവാസം

ലക്ഷ്യം 7

|

അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും കൗൺസിലിംഗും താത്കാലിക അഭയവും നിയമ സഹായവും നൽകുക എന്ന പ്രധാന ലക്ഷ്യത്തോടെ ജില്ലകളിൽ പ്രവർത്തിയ്ക്കുന്നു.

## സ്നേഹിത ഹെല്പ് ഡെസ്ക്

മറ്റ് ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു

- എന്തെങ്കിലും അതിക്രമങ്ങൾക്കോ ചൂഷണങ്ങൾക്കോ വിധേയമാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ സാന്ത്വനവും പിന്തുണാ സംവിധാനവും നൽകി കൊണ്ട് തങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനും അവരെ പ്രാപ്തരാക്കുക
- 24 മണിക്കൂറും സൗജന്യമായി കൗൺസിലിംഗ് ലഭ്യമാക്കൽ
- എതു സമയവും നിർഭയം സ്വഗൃഹത്തിലെന്ന പോലെ കടന്നു വരാനും സഹായം ലഭ്യമാക്കാനുമുള്ള അവസരം
- സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അവകാശ ലംഘനങ്ങൾ പ്രാദേശിക തലത്തിൽ (അയൽക്കൂട്ടങ്ങളിൽ) തന്നെ തിരിച്ചറിയാനും ചർച്ച ചെയ്യാനും പരിഹാര മാർഗങ്ങൾ തേടാനും അവസരമുണ്ടാക്കുക
- നിർദ്ദിഷ്ട ചട്ടക്കൂടിൽ നിന്നുകൊണ്ടല്ലാതെ ഏതൊരു സ്ത്രീക്കും നിർഭയം കടന്നുചെല്ലാനും തങ്ങൾക്കു നിഷേധിച്ച അവകാശങ്ങൾ നേടി എടുക്കാനുള്ള കരുത്തു നേടാൻ അവസരമുണ്ടാക്കുകയും ചെയ്യുക.
- ആവശ്യ ഘട്ടത്തിൽ താത്ക്കാലിക അഭയവും തുടർ സംരക്ഷണവും ഉറപ്പു വരുത്തുക
- നിലവിലുള്ള സഹായ സംവിധാനങ്ങൾ പ്രാപ്യമാക്കാൻ വേണ്ട സഹായം ഉറപ്പാക്കുക
- ഉപജീവനമാർഗ്ഗം വഴി മുട്ടിയ സാഹചര്യത്തിൽ ആവശ്യമായ പരിശീലനവും തുടർ സംവിധാനങ്ങളും ഉറപ്പു വരുത്തുക
- കുട്ടികൾക്കു (18 വയസ്സു വരെ) സുരക്ഷിതമായ കുടുംബവും സമൂഹവും ഭയമില്ലാത്ത അന്തരീക്ഷവും സൃഷ്ടിക്കുന്നതിനു ആവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്.

പശ്ചാത്തലം

ലോകത്തിന് തന്നെ മാതൃകയായി മാറിയ ഏറ്റവും വലിയ സാമൂഹ്യ സംഘടനയായ കുടുംബശ്രീ, സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളിലൂടെ ആരംഭിച്ച വിദ്യാഭ്യാസ പരിപാടിയാണ് സ്ത്രീ പദവി സ്വയം പഠന പ്രക്രിയ. ഇതിലൂടെ സ്വന്തം സാമൂഹികാ വസ്ഥയെ കുറിച്ചും പദവിയെ കുറിച്ചും ഓരോ അയൽക്കൂട്ട അംഗവും പഠിക്കാനും വിശകലനം ചെയ്യാനും ഉള്ള പ്രാപ്തി കൈവരിക്കുകയുണ്ടായി.

***ഇത്തരത്തിൽ അവർ തങ്ങളുടെ പരമിതികൾ തിരിച്ചറിയുകയും അവയെ അതി ജീവിക്കാൻ ആവശ്യമായ ശ്രമങ്ങൾ നടത്തുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടക്കുന്ന അതിക്രമങ്ങൾക്കും ചൂഷണങ്ങൾക്കും എതിരെ ശബ്ദം ഉയർത്തുന്നതിനും പരിഹാരം കാണുന്നതിനും കുടുംബശ്രീ ജെന്റർ റിസോഴ്സ് പേഴ്സൺമാർക്ക് സാധിച്ചിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതമായ സാമൂഹ്യയിടം സൃഷ്ടിക്കാനും ഉപജീവനത്തിനും അതിജീവനത്തിനും ഉതകുന്ന തരത്തിൽ പിന്തുണ നൽകുന്നതിനും ഏതെങ്കിലും തരത്തിൽ അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കു അടിയന്തിര സഹായവും പിന്തുണയും നൽകാൻ സാധ്യമാകുന്ന തരത്തിൽ ഒരു കേന്ദ്രം എല്ലാ ജില്ലാകളിലും ഉണ്ടാവേണ്ടത് അനിവാര്യമാണെന്ന് തിരിച്ചറിഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ആദ്യഘട്ടത്തിൽ തിരുവനന്തപുരം, മലപ്പുറം, എറണാകുളം ജില്ലകളിൽ സ്നേഹിത ജെന്റർ ഹെൽപ്പ് ഡെസ്ക്ക് ആരംഭിച്ചത്. പത്രത്തിൽ അതിക്രമങ്ങളും ചൂഷണങ്ങളും നേരിടുന്ന സഹോദരിമാർ തങ്ങളുടെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞു തുടങ്ങിയതോടെ അവ പരിഹരിക്കുന്നതിനുള്ള പിന്തുണ ആവശ്യപ്പെട്ടു സ്നേഹിതയിൽ എത്തുകയും അടിയന്തിര സഹായവും അഭയവും ഉൾപ്പെടെ ആവശ്യമായ സഹായ സംവിധാനങ്ങൾ ഉറപ്പ് വരുത്താൻ കഴിയുകയും ചെയ്തു. കൂടുതൽ സ്ത്രീകൾ അവകാശങ്ങൾ തിരിച്ചറിയുകയും അവ നേടിയെടുക്കാൻ മുന്നോട്ടു വരികയും ചെയ്ത സാഹചര്യത്തിൽ എല്ലാ ജില്ലകളിലും പിന്തുണാ സംവിധാനങ്ങൾ ഉറപ്പ് വരുത്തേണ്ടത് അനിവാര്യമാവുകയും 2017 -ാം ആണ്ടിൽ എല്ലാ ജില്ലകളിലും സ്നേഹിത ജെന്റർ ഹെൽപ്പ് ഡെസ്ക്ക് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.***

| Details | Number (Including all districts ) |
|---|---|
| Direct cases | 7841 |
| Tele cases | 9292 |
| Total cases | 17133 |
| Short stay provided | 3574 |

*പ്രവർത്തന തന്ത്രം*

- ***സ്നേഹിത ജെന്റർ ഹെല്പ് ഡെസ്ക്കിന്റെ എക്സ്റ്റൻഷൻ സെന്ററായി ജെന്റർ റിസോഴ്സ് സെന്ററുകൾ മാറും. ഇപ്രകാരം നോക്കുമ്പോൾ കേരളത്തിലെ എല്ലാ പ്രദേശത്തും സേവനമെത്തിക്കുവാൻ കഴിയുന്ന ഒരു പ്രധാന സ്ഥാപനമായി സ്നേഹിത മാറും. ജി ആർ സികളുടെ പ്രവർത്തനം അയൽക്കൂട്ടതലത്തിൽ എത്തിക്കുന്നത് വിജിലന്റ് ഗ്രൂപ്പുകൾ മുഖേനയായിരിക്കും. ഇതു കൂടാതെ അയൽക്കൂട്ടങ്ങളും ജി ആർ സികളുടെ പ്രവർത്തനത്തെ സഹായിക്കും. ഇപ്രകാരം നോക്കുമ്പോൾ സുസംഘടിതമായ നെറ്റ് വർക്കുള്ള ഒരു ബൃഹത് സംവിധാനമാണ് സ്നേഹിത.***
- ***അയൽക്കൂട്ടങ്ങളിൽ നിന്നും കണ്ടെത്തുന്ന പ്രശ്നങ്ങൾ ആവശ്യമായ സാഹചര്യത്തിൽ ജി. ആർ. സിയുമായി ബന്ധിപ്പിക്കുന്നതിനു വിജിലന്റ് ഗ്രൂപ്പുകൾ സഹായകമാകും.***

|

- സ്നേഹിതയിലേക്കു എത്താൻ കഴിയാത്ത ഗുണഭോക്താക്കൾക്കു ജി. ആർ.സിവഴി പരിപൂർണ്ണ പിന്തുണ ഉറപ്പാക്കാൻ സാധിക്കും.
- ജി. ആർ. സികൾ  കൗൺസിലിംഗ് സെന്ററുകളാക്കി ഉയർത്തുകയും സ്നേഹിതയുടെ കൗൺസിലർമാരുടെ സേവനം ഉറപ്പാക്കുകയും ചെയ്യും.
- സ്നേഹിതയുടെ പിന്തുണയോടെ അവകാശ നിഷേധങ്ങൾക്കെതിരെ പോരാടിയ വ്യക്തികളെ നേതൃനിരയിൽ കൊണ്ടു വരുന്നതിനും മാതൃകയാക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾ നടത്തും.
- ക്യാമ്പയിന്റെ ഭാഗമായി ഫ്ളാഷ്  മോബ്, തെരുവ് നാടകങ്ങൾ, പ്രത്യേക പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കും.
- വിവിധ വകുപ്പുകളുമായി സഹകരിച്ചു കൊണ്ടു ലിംഗ പദവി ചർച്ചകൾ സംഘടിപ്പിക്കും.
- സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അവകാശ ലംഘനങ്ങൾ    പ്രാദേശിക തലത്തിൽ (അയൽക്കൂട്ടങ്ങളിൽ) തന്നെ തിരിച്ചറിയാനും ചർച്ച ചെയ്യാനും പരിഹാര മാർഗങ്ങൾ തേടാനും അവസരമുണ്ടാക്കുക.
- നിർദ്ദിഷ്ട ചട്ടക്കൂടിൽ നിന്നുകൊണ്ടല്ലാതെ ഏതൊരു സ്ത്രീക്കും നിർഭയം    കടന്നുചെല്ലാനും തങ്ങൾക്കു നിഷേധിച്ച അവകാശങ്ങൾ നേടി എടുക്കാനുള്ള കരുത്തു നേടാൻ അവസരമുണ്ടാക്കുകയും ചെയ്യുക.
- ഉപജീവനമാർഗ്ഗം വഴി മുട്ടിയ സാഹചര്യത്തിൽ ആവശ്യമായ പരിശീലനവും തുടർ സംവിധാനങ്ങളും ഉറപ്പു വരുത്തുക.

ഓരോ ക്വാർട്ടറിലും കൈവരിക്കേണ്ട നേട്ടങ്ങൾ

ക്വാർട്ടർ-1- 2019 മെയ്- ജൂലൈ

- 2018 -19 സാമ്പത്തിക വർഷം സ്നേഹിത ഏറ്റെടുത്ത പ്രവർത്തനങ്ങളുടെ വിലയിരുത്തൽ
- ഭാവി പ്രവർത്തനങ്ങളിൽ സ്വീകരിക്കേണ്ട നയപരവും ഭരണപരവും നിർവ്വഹണപരവുമായ വിഷയങ്ങളിൽ തീരുമാനമെടുക്കുക.
- സ്നേഹിതയുടെ ദൈനം ദിന പ്രവർത്തനമായ കൗൺസിലിംഗ്, കേസുകളിലുള്ള ഇടപെടീൽ, ജി ആർ സികളുടെ പ്രവർത്തനം എന്നിവയുടെ പുരോഗതി പരിശോധനയ്ക്ക് വിധേയമാക്കുക
- . ഓരോ ജില്ലയിലെയും സ്ത്രീകൾക്കെതിരെയുള്ള ക്രൈം റിപ്പോർട്ടിംഗ് , സ്നേഹിതയിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ സ്നേഹിതയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുക
- ജില്ലയിലെ പോലീസ് മേലധികാരികളുമായി ചർച്ച ചെയ്ത് ഹൈ റിസ്ക്ക് ഏരിയകൾ തിരഞ്ഞെടുക്കുകയും അത്തരം പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ജി ആർ സി, വിജിലന്റ് ഗ്രൂപ്പ് പ്രവർത്തനം ശക്തിപ്പെടുത്തുകയും ചെയ്യുക.

|

- സ്നേഹിതയ്ക്കായി ഈ സാമ്പത്തിക വർഷം പ്രത്യേകമായി ചുമതലപ്പെടുത്തിയ പദ്ധതികളുടെ നിർവഹണം

ക്വാർട്ടർ-2 - 2019 ആഗസ്റ്റ്- ഒക്ടോബർ

1. സ്നേഹിത സെന്ററുകളും അതാത് ജില്ലകളിലെ ജെന്റർ ടീമുമായി ചേർന്ന് ബന്ധപ്പെട്ട ജില്ലയിലെ ഏതെങ്കിലും സവിശേഷമായ സ്ത്രീകളുടെ പ്രശ്നത്തിൽ/അരക്ഷിതാവസ്ഥയിൽ ഇടപെടുകയും അതു പരിഹരിയ്ക്കാനായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക. 2020 മാർച്ച് മാസം ഈ പ്രവർത്തനത്തിന്റെ നേട്ടങ്ങൾ അവതരിപ്പിക്കുക

2. സ്നേഹിത ഉപജീവന കേന്ദ്രം

- സ്നേഹിത സ്ഥിതി ചെയ്യുന്ന പ്രദേശത്തെ ഏറ്റവും അരക്ഷിതരായ സ്ത്രീകളെ ഉൾപ്പെടുത്തി എല്ലാ സ്നേഹിത സെന്ററുകളിലും സംരംഭക ഗ്രൂപ്പുകൾ ആരംഭിക്കണം. ഒരു സെന്ററിൽ ഒരു സംരംഭ പ്രവർത്തനം ഏറ്റെടുക്കുക

- . ഇവിടെ പരിശീലനം നേടുന്നവരെ സംരംഭത്തിലേയ്ക്ക് കൊണ്ടുവരുക

- സ്നേഹിതയുടെ പ്രവർത്തനത്തെ ബാധിക്കത്തതും സ്ഥലം അപഹരിക്കാത്തതുമായ സംരംഭമായിരിക്കണം തിരഞ്ഞെടുക്കേണ്ടത്.

3. സ്നേഹിത സബ്സെന്റർ

ജില്ലാ കേന്ദ്രത്തിൽ നിന്നും അകലെയുള്ള ഒരു സ്ഥലത്ത് ഈ സാമ്പത്തിക വർഷം സ്നേഹിതയുടെ സബ്സെന്റർ ആരംഭിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് വേണം ഇത്തരമൊരു പ്രവർത്തനം സംഘടിപ്പിയ്ക്കാൻ.
ഉദാ: സ്നേഹിത സബ്സെന്റർ, മൂന്നാർ.

- സ്നേഹിത ക്യാമ്പയിൻ,ജി ആർ സി എന്നിവയുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ
- Special initiatives- tribal, Coastal etc....

ക്വാർട്ടർ-3- 2019 നവംബർ- 2020 ജനുവരി

4. വിലയിരുത്തലും ഡോക്യുമെന്റേഷനും
2019 - 20 സാമ്പത്തിക വർഷം വിഭാവനം ചെയ്ത പ്രാവർത്തനങ്ങൾ എത്രമാത്രം സമൂഹത്തിന് ഗുണപ്പെട്ടു, ജങ്ങളുടെ ജീവിതത്തിൽ എന്തു മാറ്റമാണ് വന്നത് തുടങ്ങിയ കാര്യങ്ങൾ ഡോക്യുമെന്റേഷന് വിധേയമാക്കുക
   - കേസ് അനാലിസിസ് റിപ്പോർട്ട് തയ്യാറാക്കുക
   - ദൈനംദിന പ്രവർത്തനങ്ങളുടെ തുടർച്ച

|

### പ്രതീക്ഷിത നേട്ടം

അതിക്രമങ്ങൾക്കും ചൂഷണങ്ങൾക്കും വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ പിന്തുണയും താത്കാലിക അഭയവും 24മണിക്കൂറും ഉറപ്പാക്കുക. ജില്ലാതല ജെൻഡർ റിസോഴ്സ് സെന്ററായി പ്രവർത്തിക്കുക

### ലക്ഷ്യം 8

സ്ത്രീകളും കുട്ടികളും നേരിടുന്ന പ്രശ്നങ്ങൾ കേൾക്കുന്നതിനും പ്രശ്ന പരിഹാരത്തിന് അവരെ സ്വയം പ്രാപ്തരാക്കുന്നതിനുമായി നടപ്പിലാക്കുന്ന പദ്ധതി.

## കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലിംഗ്

**പശ്ചാത്തലം**

സമൂഹത്തിൽ ഒറ്റപ്പെട്ടവരും വിവിധ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നവരും, ചൂഷണങ്ങൾക്കും അതിക്രമങ്ങൾക്കും വിധേയവരുമായ സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ മാനസിക പിന്തുണയും കൈത്താങ്ങും നൽകുക എന്ന ലക്ഷ്യത്തോടെയാണ് 2015 ൽ കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലർമാരെ തിരഞ്ഞെടുത്തു പരിശീലനം നൽകി വിന്യസിച്ചത്. ഇപ്പോൾ മുന്നൂറ്റിഅൻപതോളം വരുന്ന കമ്മ്യൂണിറ്റി കൗൺസിലർമാരാണ് കേരളത്തിലുടനീളം സേവനം അനുഷ്ഠിക്കുന്നത്. കുടുംബശ്രീ അംഗങ്ങളായ വനിതകളിൽ നിന്നും വിദ്യാഭ്യാസ യോഗ്യതയുടേയും കുടുംബശ്രീ പ്രവർത്തന പരിചയത്തിന്റെയും അടിസ്ഥാനത്തിലാണ് നാം ജില്ലകളിൽ കമ്മ്യൂണിറ്റി കൗൺസിലർമാരെ തിരഞ്ഞെടുത്തത്. ഇങ്ങനെ തിരഞ്ഞെടുക്കപ്പെട്ടവരെല്ലാം തന്നെ വര്ഷങ്ങളായി താഴെത്തട്ടിലുള്ള ജനവിഭാഗങ്ങൾക്കിടയിൽ പ്രവർത്തിക്കുന്നവരും അവരിൽ നിന്ന് തന്നെ തിരഞ്ഞെടുക്കപ്പെട്ടവരുമായിരുന്നു. അതുകൊണ്ടു തന്നെ സ്ത്രീകളും കുട്ടികളും ഇന്ന് അനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച ഇവർക്ക് ആഴത്തിൽ അറിവുണ്ടായിരിക്കും. പ്രാദേശികമായി തിരഞ്ഞെടുക്കപ്പെട്ടവരായതുകൊണ്ടുതന്നെ സ്വന്തം കുടുംബത്തിലെ ഒരംഗത്തെ പോലെ കാര്യങ്ങൾ തുറന്ന് സംസാരിക്കാനും പരിഹാരം കണ്ടെത്താനും കമ്മ്യൂണിറ്റി കൗൺസിലർമാരുടെ സേവനം ഉപയോഗപ്പെടുത്തുവാൻ സ്ത്രീകൾ കൂടുതലായി തയ്യാറാകും. ഇതാണ് കമ്മ്യൂണിറ്റി കൗൺസിലർമാരുടെ പ്രാധാന്യം വർധിപ്പിക്കുന്നത്.

അവബോധ ക്ലാസുകൾ, ഗ്രൂപ്പ് കൗൺസിലിംഗ്, വ്യക്തിഗത കൗൺസിലിംഗ് , മോട്ടിവേഷൻ ക്ലാസുകൾ എന്നിവ നൽകുകയും ആവശ്യമായ ഇടപെടലുകളും സേവനങ്ങളും 14 ജില്ലകളിലുമുള്ള സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക്കുകളുമായും ജൻഡർ റിസോഴ്സ് സെന്ററുകളുമായും ചേർന്ന് നൽകുകയും ചെയ്തുവരുന്നുണ്ട്. പലപ്പോഴും വേണ്ടത്ര ശ്രദ്ധ കിട്ടാതെ പോകുന്നതാണ് മാനസിക ആരോഗ്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് കാരണം. പ്രശ്നങ്ങൾ തുറന്നു സംസാരിക്കാനും അവ കേൾക്കാനും ഒരാളാകുക എന്നത് ഒരു ചെറിയ കാര്യമല്ല. അതുകൊണ്ടു തന്നെ കമ്മ്യൂണിറ്റി കൗൺസിലിംഗ് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകൾക്ക് വലിയ ആശ്വാസമാണ്.

|

*പ്രവർത്തന തന്ത്രം*

- *നിലവലെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ*
- *ജില്ലാതല റിവ്യുമീറ്റിംഗ്*
- *സംസ്ഥാന തല റിപ്പോർട്ടിംഗ്*
- *പ്രാപ്തി വർദ്ധനവിനായുള്ള പരിശീലനത്തിനായുള്ള വിഷയങ്ങൾ കണ്ടെത്തൽ*
- *പരിശീലനം നടത്തൽ   വിദഗ്ദ്ധ പരിശീലനം വിവധ വിഷയങ്ങളിൽ*
- *തുടർ പ്രവർത്തനങ്ങൾ. പരിശീലനത്തിന് അനുസൃതമായി വിഷയങ്ങൾ തീരുമാനിച്ച് പ്രവർത്തനങ്ങൾ നടത്തുക.*
- *കമ്മ്യൂണിറ്റി കൗൺസിലിംഗ് പ്രവർത്തനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലേക്ക് കൊണ്ടു വരിക.*
- *സ്നേഹിത സെന്ററിന്റെ മോണിട്ടറിംഗ് ശക്തിപ്പെടുത്തുക എന്നിവയാണ് പ്രവർത്തന തന്ത്രമായി സ്വീകരിക്കുന്നത്.*

*മൂന്ന് ക്വാർട്ടറിലുമായി കൈവരിക്കേണ്ട നേട്ടങ്ങൾ*
*ക്വാർട്ടർ-1 2019 മെയ്- ജൂലൈ*

- *.കിലയുമായി ചേർന്ന്  മൂന്ന് മാസം നീണ്ടു നിൽക്കുന്ന ഹൃസ്വകാല കോഴ്സ് കോണ്ടാക്റ്റ് ക്ലാസ് രീതിയിലായിരിക്കും ഈ കോഴ്സ് സംഘടിപ്പിക്കുക. ഈ കോഴ്സ് പാസാകുന്നവർക്കു മാത്രമേ തുടർന്ന് ഈ രംഗത്തു പ്രവർത്തിക്കാൻ കഴിയൂ.*
- *കമ്മ്യൂണിറ്റി കൗൺസിലേഴ്സിന്റെ പ്രവർത്തനങ്ങളെ ക്രമപ്പെടുത്തേണ്ടതുണ്ട്. പ്രവർത്തന ഡയറി രൂപപ്പെടുത്തുക,ദൈനംദിന പ്രവർത്തനങ്ങൾ നിരീക്ഷിക്കുക, മാസവലോകനങ്ങൾ നടത്തുക*
- *കമ്മ്യൂണിറ്റി കൗൺസിലർമാരുടെ ജി ആർ സി യിലെ പ്രവർത്തനം, കൈകാര്യം ചെയ്ത കേസുകൾ, ഫീൽഡ് പ്രവർത്തനങ്ങൾ, സ്നേഹിതയിലേക്കു  റെഫർ ചെയ്ത കേസുകൾ എന്നിവ പ്രത്യേകമായി വിലയിരുത്തുക*
- *എല്ലാമാസവും മോണിറ്ററിംഗ് നടത്തുക*
- *വ്യക്തിഗത റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നതിന് നിർദ്ദേശം നൽകി ഉറപ്പു വരുത്തുക.*
- *ജി ആർ സി, പ്രീമാരിറ്റൽ പരിശീലനം എന്നിവ ക്രമപ്പെടുത്തുക.*

*ക്വാർട്ടർ-2- 2019 ആഗസ്റ്റ്- ഒക്ടോബർ*

- *തദ്ദേശഭരണ സ്ഥാപനങ്ങൾ ജി ആർ സികളുടെ പ്രവർത്തനത്തിനായി പണം നീക്കിവെയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ*
- *സ്വയം തൊഴിൽ സംരംഭങ്ങൾ രൂപീകരിക്കുക*

|

- 2019 -20 സാമ്പത്തിക വർഷം കേരളത്തിലെ 50 പഞ്ചായത്തുകളിൽ നിന്നെങ്കിലും ജി ആർ സി പ്രവർത്തനത്തിനുള്ള പ്രോജക്ടുകൾ വെയ്പ്പിക്കുക
- കൂടാതെ മറ്റ് ഡിപ്പാർട്ട്മെന്റുകളിൽ നിന്നും കുടുംബശ്രീ മറ്റ് പദ്ധതികളിൽ നിന്നും ഫണ്ട് കണ്ടെത്തുക

കാർട്ടർ-3- 2019 നവംബർ. 2020 ജനുവരി

- പ്രവർത്തനങ്ങളുടെ തുടർച്ച
- സാമ്പത്തിക വർഷത്തിൽ ആസൂത്രണം ചെയ്ത പ്രാവർത്തനങ്ങളുടെ പുരോഗതി, സമൂഹത്തിനുണ്ടായ പ്രയോജനം, പരിഹരിക്കപ്പെട്ട കേസുകൾ തുടങ്ങി ഒരു വർഷത്തെ പ്രവർത്തനം വിലയിരുത്തലിനു വിധേയമാക്കി റിപ്പോർട്ട് തയ്യാറാക്കുക.

പ്രതീക്ഷിത നേട്ടം

- കമ്മ്യൂണിറ്റി കൗൺസിലർമാരുടെ നേതൃത്വത്തിൽ ജെൻഡർ റിസോഴ്സ് സെന്ററുകളുടെ പ്രവർത്തനങ്ങളെ സജീവിക്കുക
- സമൂഹത്തിൽ മാനസിക പിന്തുണ ആവശ്യമുള്ളവർക്ക് ലഭ്യമാക്കുക
- കമ്മ്യൂണിറ്റി കൗൺസിലർമാരെ സ്വാശ്രയരാക്കുക

|

**ലക്ഷ്യം 9**

**സ്ത്രീ സൗഹൃദ പ്രദേശിക ഭരണ മാതൃകകൾ സൃഷ്ടിക്കുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം.**

## സ്ത്രീ സൗഹൃദ പഞ്ചായത്ത്

**കേരളത്തിലെ ഓരോ ജില്ലകയിലെയും ഒരു പഞ്ചായത്ത് സ്ത്രീ സൗഹൃദ പഞ്ചായത്തായി ഉയർത്തുകയും മികവിന്റെ കേന്ദ്രം സ്ഥാപിക്കുകയും ചെയ്യുക.**

**പശ്ചാത്തലം**

**വികസന, ക്ഷേമ പ്രവർത്തനങ്ങൾ സ്ത്രീപക്ഷ കഴ്ചപ്പാടുക്കൂടി നടപ്പിലാക്കുന്നതിനും സ്ത്രീകളുടെ പ്രായോഗികവും തന്ത്രപരവുമായ ആവശ്യങ്ങളെ മനസ്സിലാക്കി അതിനെ അടിസ്ഥാനപ്പെടുത്തിയുള്ള വികസന സമീപനങ്ങൾ കൈകൊള്ളുന്നതിനും പ്രാദേശിക ഭരണ കൂടങ്ങളെ പ്രേരിപ്പിക്കുന്നതിനുമായി എല്ലാ ജില്ലയിലും മികച്ച മാതൃകകൾ രൂപീകരിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്.**

**2018 - 2019 സാമ്പത്തിക വർഷം സംസ്ഥാന ബജറ്റിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ 14 ജില്ലകളിലായി ഒന്ന വീതം പഞ്ചായത്തുകളെ സ്ത്രീ സൗഹൃദ പഞ്ചായത്തുകളാക്കി മാറ്റുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.എന്നാൽ പ്രളയവും തുടർന്ന് പഞ്ചായത്തുകളുടെ മുൻഗണനകൾ മാറിയതും ഈ പ്രവർത്തനത്തെ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകുന്നതിന വിഘാതമായി. ഈ സാഹചര്യത്തിലാണ് 2019 - 20 സാമ്പത്തിക വർഷവും ഈ പ്രവർത്തനം തുടരാൻ തീരുമാനിച്ചത്.**

**സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുമ്പോൾ പലപ്പോഴും അത് അതിക്രമങ്ങളിൽ മാത്രമായി ഒതുങ്ങി പോകാറുണ്ട്. അതിക്രമങ്ങളെ ഇല്ലാതാക്കുക എന്നത് മാത്രമല്ല നമ്മുടെ മുന്നിലുള്ള പ്രശ്നം. നമ്മുടെ കുടുംബങ്ങളിലെയും പൊതു ഇടങ്ങളിലെയും സ്ത്രീകളുടെ പങ്കാളിത്തം,**

|

തീരുമാനമെടുക്കൽ, നേതൃത്വംവഹിക്കൽ തുടങ്ങിയവയിൽ സ്ത്രീ സമത്വം ഉറപ്പാക്കുകയും ചെയ്യുക എന്നതും അത്യന്താപേക്ഷിതമാണ്. വിവിധ മേഖലകളിലുള്ള സ്ത്രീകളുടെ പങ്കാളിത്തം പരിശോധിക്കുകയും അത് ഉറപ്പുവരുത്തുകയും ചെയ്യേണ്ടത് ആവശ്യമാണ്. കല, സാംസ്കാരം, കായികം, രാഷ്ട്രീയം, പൊതു ഇടം, വികസന, ആസൂത്രണ പ്രവർത്തനങ്ങൾ തുടങ്ങിയവയിൽ സ്ത്രീ പങ്കാളിത്തം താരതമ്യേന കുറവായാണ് കാണപ്പെടുന്നത്. അതിനാൽ തന്നെ ഈ മേഘലകളിലെ പങ്കാളിത്തം ഉറപ്പുവരുത്താൻ ഉതകുന്ന പരിപാടികൾ ആവിഷ്കരിക്കേണ്ടത് സ്ത്രീ സൗഹൃദ പഞ്ചായത്ത് രൂപീകരണത്തിന് അത്യാവശ്യമാണ്.

പ്രവർത്തന തന്ത്രം

- വനിതാ ഘടക പദ്ധതി ഫലപ്രദമായി വിനിയോഗിക്കുന്നതും ജൻഡർ കാഴ്ചപ്പാട് പുലർത്തുന്നതുമായ പഞ്ചായത്തുകളെ അവരുടെ സമ്മതത്തോടുക്കൂടി പ്രവർത്തന മേഖലയായി തിരഞ്ഞെടുക്കുന്നു. കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ സഹായത്തോടെ നിലനിൽക്കുന്ന പ്രശ്നങ്ങളും ആവശ്യങ്ങളും വിലയിരുത്തുന്നു. അതോടൊപ്പം കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷം നടപ്പാക്കിയ പദ്ധതികൾ എത്രമാത്രം സ്ത്രീപക്ഷ കാഴ്ചപ്പാട് പുലർത്തുന്നതാണെന്ന് വിലയിരുത്തുന്നു.
- ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതി പ്രവർത്തനം, സ്വീകരിക്കേണ്ട തന്ത്രങ്ങൾ, മുൻഗണനാ മേഖലകൾ, പ്രവർത്തങ്ങൾ എന്നിവ രൂപീകരിയ്ക്കുന്നു. പ്രവർത്തങ്ങളുടെ ഫലപ്രാപ്തി പങ്കാളിത്ത രീതിയിൽ വിലയിരുത്തുന്നു.

മൂന്ന് ക്വാർട്ടറിലുമായി കൈവരിക്കേണ്ട നേട്ടങ്ങൾ
ക്വാർട്ടർ-1- 2019 മെയ്- ജൂലൈ

- പ്രവർത്തന മാർഗ്ഗരേഖ, കൈപുസ്തകം തയ്യാറാക്കൽ
- വിവരശേഖരണാടി സ്ഥാനത്തിലുള്ള വിശകലന റിപ്പോർട്ട് തയ്യാറാക്കൽ
- അവസ്ഥാ പഠനം
- വനിതാ ഘടക പദ്ധതി - വിശകലനം
- സാമൂഹിക വിശകനം
- സ്ഥാപന വിശകലനം
- സി ഡി എസ്/പഞ്ചായത്ത് ഭാരവാഹികളുടെ പരിശീലനം
- പ്രവർത്തനാസൂത്രണം
-

ക്വാർട്ടർ-2- 2019 ആഗസ്റ്റ്- ഒക്ടോബർ

- പരിശീലനങ്ങൾ
- അവസ്ഥാ പഠനം

|

- പദ്ധതി ആസൂത്രണം
- പഞ്ചായത്ത് പദ്ധതികളുടെ വിശകലനം (സ്ത്രീകൾക്കും പുരുഷന്മാർക്കുമായി നടപ്പിലാക്കിയ പൊതു പദ്ധതികൾ, നീക്കിവെച്ച തുക, നടപ്പാക്കിയ പദ്ധതികൾ)
- പുതിയ പദ്ധതികളുടെ രൂപീകരണം
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടു കൂടി വിവിധ കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുക
- അയൽക്കൂട്ട അംഗങ്ങൾക്ക് പ്രത്യേകമായി ക്ലാസുകൾ നൽകി അവരെ പ്രാദേശിക വികസന പ്രക്രിയയിൽ പങ്കാളികളാകുന്നതിനു സഹായിക്കുക

1. ക്വാർട്ടർ-3- 2019 നവംബർ- 2020 ജനുവരി
    - പദ്ധതി നിർവഹണം
    - അവലോകനം
    - തുടർ പ്രവർത്തന ആസൂത്രണം
    - പ്രവർത്തനഫലമായി സ്ത്രീകളുടെ അവസ്ഥയിലുണ്ടായ മാറ്റങ്ങൾ
    - സ്ത്രീ പദവി
    - സ്ത്രീ സൗഹൃദ സ്ഥാപനങ്ങൾ
    - വികസന,ആസൂത്രണ, നിർവ്വഹണ പ്രക്രിയകളിൽ സ്ത്രീകളുടെ പങ്കാളിത്തം എന്നിവ വിലയിരുത്തുക. ഇവയെല്ലാം പ്രത്യേകമായി ഡോക്യുമെന്റ് ചെയ്യുക

പ്രതീക്ഷിത നേട്ടം

- 14 തദ്ദേശസ്വയംഭരണ ഇടങ്ങൾ ജെൻഡർ സൗഹൃദ ഇടങ്ങളാക്കി മാറ്റുക
- മാതൃക പ്രവർത്തനങ്ങളുടെ നിർവഹണം

|

***ലക്ഷ്യം 10***

***സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളെ പ്രാദേശികമായി പ്രതിരോധിക്കുന്നതിനു ള്ള സംവിധാനം രൂപപ്പെടുത്തുക. അതിക്രമങ്ങൾ ചൂഷണങ്ങൾ എന്നിവ നേരിടുന്നവർക്ക് കുടും ബശ്രീ സേവന സംവിധാനങ്ങളുമായി ബന്ധപ്പെടുത്തി ആവശ്യമായ പിന്തുണയും സഹായവും നൽകു ക.***

## ***വിജിലന്റ് ഗ്രൂപ്പ്***

***സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളെ തടയുന്നതിനും സ്ത്രീ സൗഹൃദ പ്രാദേ ശിക ഇടം സൃഷ്ടിക്കുന്നതിനുമായി കുടുംബശ്രീ സി ഡി എസുകളുടെ നേതൃത്വത്തിൽ പ്രവർത്തി ക്കുന്ന സ്വയം സന്നദ്ധ പ്രവർത്തകരുടെ കൂട്ടായ്മയാണ് കുടുംബശ്രീ വിജിലന്റ് ഗ്രൂപ്പ്.***

***പശ്ചാത്തലം***

***കേരളത്തിലെ തന്നെ ഏറ്റവും വലിയ സ്ത്രീകളുടെ കൂട്ടായ്മയായ കുടുംബശ്രീയുടെ നേതൃത്വത്തിൽ രണ്ടു ദശാബ്ദങ്ങളായി നടത്തി വരുന്ന സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളുടെ വേറിട്ട മുഖമാണ് വിജിലന്റ് ഗ്രൂപ്പ്. സ്ത്രീ പദവി സ്വയം പഠന പ്രക്രിയയുടെ ഭാഗമായി നടത്തിയ ക്രൈംമാപ്പിംഗ് പദ്ധതി യിലൂടെ സ്ത്രീകൾ അതിക്രമങ്ങൾ നേരിടുന്ന പ്രാദേശിക ഇടങ്ങൾ അടയാളപ്പെടുത്തുകയും പഠന വിധേയമാക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക തലത്തിൽ സ്ത്രീകളും പെൺകുട്ടികളും നേരിടുന്ന പ്രശ്നങ്ങളെ കണ്ടെത്തുകയും പ്രാദേശിക ഇടപ്പെടലിലൂടെ തന്നെ അവയ്ക്ക് പരിഹാരം കാണുകയും ചെയ്യുക എന്നത് അനിവാര്യമായി വന്നു. പ്രാദേശികമായി പ്രതി രോധ കൂട്ടായ്മകൾ രൂപീകരിക്കപ്പെട്ടാൽ മാത്രമേ ശക്തമായ പ്രവർത്തനങ്ങൽ സംഘടിപ്പിക്കുകയും പൂർണ്ണമായ ഫലപ്രാപ്തി കൈവരിക്കൽ സാധ്യമാകൂ എന്ന തിരിച്ചറിവിൽ നിന്നാണ് ഓരോ സി. ഡി. എസിലും വാർഡ് തലത്തിൽ വിജിലന്റ് ഗ്രൂപ്പുകൾ രൂപീകരിക്കുക എന്ന ആശയത്തിൽ എത്തിയത്.***

|

വിജിലൻസ് ഗ്രൂപ്പുകളുടെ എണ്ണം

| ക്രമ നമ്പർ | ജില്ല | വാർഡുകളുടെ എണ്ണം | വിജിലൻസ് ഗ്രൂപ്പുകളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 1546 | 1496 |
| 2 | കൊല്ലം | 1431 | 1102 |
| 3 | പത്തനംതിട്ട | 909 | 893 |
| 4 | ആലപ്പുഴ | 1358 | 1352 |
| 5 | കോട്ടയം | 1321 | 1215 |
| 6 | ഇടുക്കി | 792 | 579 |
| 7 | എറണാകുളം | 1791 | 1697 |
| 8 | തൃശൂർ | 1763 | 1600 |
| 9 | പാലക്കാട് | 1721 | 1550 |
| 10 | മലപ്പുറം | 2247 | 2228 |
| 11 | കോഴിക്കോട് | 1502 | 1502 |
| 12 | വയനാട് | 512 | 512 |
| 13 | കണ്ണൂർ | 1545 | 1342 |
| 14 | കാസർഗോഡ് | 777 | 777 |

പ്രവർത്തന തന്ത്രം

- സ്നേഹിത ജെന്റർ ഹെൽപ്പ് ഡെസ്കിന്റെ പ്രാദേശിക ഘടകമായ ജെന്റർ റിസോഴ്സ് സെന്ററുകളുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ പ്രാദേശിക പിന്തുണ ഉറപ്പുവരുത്തുക
- കമ്മ്യൂണിറ്റി കൗൺസിലിംഗ് പ്രവർത്തനങ്ങൾക്ക് സഹായകമാകുന്ന തരത്തിൽ പ്രാദേശികമായി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുക
- കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങൾക്കായി വിവിധ വകുപ്പുകളുമായി കൈകോർത്തുകൊണ്ട് സ്വയം പ്രതിരോധ പരിശീലനങ്ങളും ബോധവത്ക്കരണ പരിപാടികളും സംഘടിപ്പിക്കുക.
- പ്രാദേശിക സർക്കാരുകൾ നടപ്പിലാക്കുന്ന സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് കുടുംബശ്രീ ത്രിതല സംവിധാനത്തിന് പിന്തുണ നൽകുക.
- സ്ത്രീകൾക്കെതിരെയുള്ള ഏത് തരത്തിലുള്ള അതിക്രമങ്ങളെയും ചെറുക്കുന്നതിനുള്ള പ്രതിരോധ സേനയായി പ്രവർത്തിക്കുക.
- പ്രാദേശിക വികസന പ്രവർത്തനങ്ങളിൽ സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ലിംഗ പദവി തുല്യത കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് പ്രാദേശിക തലത്തിൽ നേതൃത്വം നൽകുക.

1. മൂന്ന് ക്വാർട്ടറിലുമായി കൈവരിക്കേണ്ട നേട്ടങ്ങൾ

|

*ക്വാർട്ടർ-1- 2019 മെയ്- ജൂലൈ*

- *2018 -19 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നു.*
- *പ്രാപ്തി വർദ്ധനവിനായി പരിശീലനങ്ങൾ (കിലയുമായി ചേർന്ന്)*
- *വിജിലന്റ് ഗ്രൂപ്പ് പ്രവർത്തന ഗൈഡ് തയ്യാറാക്കുക*
- *നിയമാവബോധ പരിശീലനങ്ങൾ*
- *ക്രമമായ മോണിട്ടറിംഗ് സംവിധാനം*
- *സി ഡി എസിന്റെ ഉടമസ്ഥത വർധിപ്പിയ്ക്കുക*
- *സ്നേഹിതയുടെ ചുമതല*
- *രൂപീകരിക്കപ്പെട്ടിട്ടുള്ള സി ഡി എസ് കമ്മിറ്റികളുടെ പ്രവർത്തന അവലോകനം കൃത്യമായി നടത്തുക*

*ക്വാർട്ടർ-2 - 2019 ആഗസ്റ്റ്-ഒക്ടോബർ*

- *ജി ആർ സികളുടെ വാർഡ്തല എക്സ്റ്റൻഷൻ ഗ്രൂപ്പുകളായി വിജിലന്റ് ഗ്രൂപ്പുകളെ മാറ്റുക.*
- *വിജിലന്റ് ഗ്രൂപ്പുകളുടെ യോഗങ്ങൾ വാർഡുതലത്തിൽ എല്ലാ മാസവും വിളിച്ചു ചേർക്കുക.*
- *ഓരോ മാസവും സ്വമേധയാ ഏറ്റെടുത്ത പ്രവർത്തനങ്ങൾ വിലയിരുത്തുക.*

- *വിജിലന്റ് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തനാസൂത്രണം നടത്തുക.*
- *100 പഞ്ചായത്തുകളിലെങ്കിലും പദ്ധതി വിഹിതം നേടിയെടുക്കുക*

*ക്വാർട്ടർ-3- 2019 നവംബർ- 2020 ജനുവരി.*

2. *വിലയിരുത്തലും ഡോക്യുമെന്റേഷനും*
   - *വിജിലന്റ് ഗ്രൂപ്പിന്റെ -പ്രവർത്തനത്തിലൂടെ പ്രാദേശിക സ്ത്രീ സമൂഹത്തിലുണ്ടായ മാറ്റങ്ങൾ വിശകലന വിധേയമാക്കുക.*
   - *2019 - 20 സാമ്പത്തിക വർഷം നടപ്പാക്കിയ പദ്ധതികളുടെ ഗുണഫലങ്ങൾ വിലയിരുത്തുക*
   - *ഡോക്യുമെന്റേഷൻ, റിപ്പോർട്ടിംഗ്.*

*പ്രതീക്ഷിത നേട്ടം*

*വിവിധ അതിക്രമങ്ങളേയും അരക്ഷിതാവസ്ഥയേയും പ്രാദേശികമായി പ്രതിരോധിക്കുന്നതിനും ചെറുക്കുന്നതിനുമുള്ള അനൗദ്യോഗികസംവിധാനമായി വിജിലന്റ് ഗ്രൂപ്പുകളെ മാറ്റുക.*

I

***ലക്ഷ്യം 11***

***പദ്ധതി നിർവഹണം ഫലപ്രദമാക്കുന്നതിൽ  റിസോഴ്സ് പേഴ്സൺമാർ ഒരു പ്രധാന പങ്ക് വഹിക്കുന്നു. കൃത്യമായ ഇടവേളകളിൽ ഇവരുടെ പ്രാപ്തി വർദ്ദനവിനാവശ്യമായ പരിശീലനങ്ങൾ നൽകേണ്ടത് അനിവാര്യമാണ്.***

## ***പ്രാപ്തി വർദ്ധനവ്***

***സമൂഹാധിഷ്ഠിത പ്രവർത്തങ്ങളിൽ പ്രവർത്തകരുടെ മനോഭാവം, ശേഷികൾ, അറിവ് എന്നിവ വളരെ പ്രധാനമാണ്. നിരന്തരമായ പരിശീലനങ്ങൾ ഇതിനാവശ്യമാണ്. ഈ ലക്ഷ്യം നിറവേറ്റുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം.***

***പശ്ചാത്തലം***

***പ്രധാനപ്പെട്ട പദ്ധതികളെല്ലാം തന്നെ പ്രവർത്തന പഥത്തിലാവുന്നതിന് മുന്നോടിയായി പരിശീലനങ്ങൾ സംസ്ഥാനതലം മുതൽ നൽകി വരുന്നുണ്ട്.  സംസ്ഥാന തലം മുതൽ വാർഡ് തലം വരെ പ്രവർത്തിക്കുന്ന***

റിസോഴ്സ് പേഴ്സൺമാരുടെ പിന്തുണയോട് കൂടിയാണ് ജെൻഡർ വികസന പ്രവർത്തനങ്ങളുടെ നിർവഹണം പ്രാദേശിക തലത്തിൽ ഫലപ്രദമായി നടപ്പിലാക്കിയത്. കുടുംബശ്രീ വിഭാവനം ചെയ്യുന്ന പദ്ധതികളുമായി ബന്ധപ്പെട്ട പരിശീലനങ്ങൾക്ക് ഉപരിയായി റിസോഴ്സ് പേഴ്സൺമാർക്ക് പ്രാപ്തി വർദ്ധനവ് നൽകേണ്ടത് അനിവാര്യമാണ്. കാര്യക്ഷമമായ പ്രവർത്തന ആസൂത്രണത്തിനും നിർവഹണത്തിനും പര്യാപ്തമായ ഒരു ടീമായി റിസോഴ്സ് പേഴ്സൺമാർ മാറുന്നതിൽ പ്രാപ്തി വർദ്ദനവിനുള്ള പരിശീലനം പ്രധാന പങ്ക് വഹിക്കുന്നു. ജെൻഡർ മേഖലയിൽ പ്രവർത്തിക്കുന്ന റിസോഴ്സ് പേഴ്സൺമാർക്ക് നിയമ അവബോധ ക്ലാസ്സുകൾ, മാനസികാരോഗ്യം, കൗമാരക്കാരുടെ പ്രശ്നങ്ങൾ, പ്രത്യുത്പാദന ആരോഗ്യം തുടങ്ങി നിരവധി വിഷയങ്ങളിൽ കഴിഞ്ഞകാലങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. ഫീൽഡു തലത്തിലുള്ള പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ഈ പരിശീലനങ്ങൾ സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

പ്രധാന പ്രവർത്തനങ്ങൾ

- ആവശ്യവും പ്രാധാന്യവും തിരിച്ചറിഞ്ഞ് വിഷയങ്ങൾ കണ്ടെത്തുക
- സംസ്ഥാന തല പരിശീലനങ്ങൾ നൽകി മാസ്റ്റർ പരിശീലകരെ തയ്യാറാക്കുക
- മാസ്റ്റർ പരിശീലകരുടെ നേതൃത്വത്തിൽ ജില്ലാതല പരിശീലനങ്ങൾ സംഘടിപ്പിക്കുക.
- ജില്ലാ തല പരിശീലനങ്ങൾക്കായി മൊഡ്യൂളുകൾ തയ്യാറാക്കി നൽകുക
- ജില്ലാതലത്തിൽ സംഘടിപ്പിക്കുന്ന പരിശീലന മൊഡ്യൂളുകൾ വിലയിരുത്തി അംഗീകാരം നൽകുക
- പരിശീലകർക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം നൽകുക

മൂന്ന് ക്വാർട്ടറിലുമായി കൈവരിക്കേണ്ട നേട്ടങ്ങൾ
ക്വാർട്ടർ-1 2019 മെയ്- ജൂലൈ

- തങ്ങളുടെ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്തുന്നതിനായി ഏതു തരം പരിശീലനമാണ് വേണ്ടതെന്ന് റിസോഴ്സ് പേഴ്സന്മാരുമായുള്ള കൂട്ടായ ചർച്ചയുടെ അടിസ്ഥാനത്തിൽ തീരുമാനിക്കുക, പരിശീലനങ്ങളുടെ വിഷയം, രീതിശാസ്ത്രം, സമയ ക്രമം എന്നിവ തീരുമാനിച്ച്പരിശീലനങ്ങൾ നൽകുക.
- കില, മറ്റ് സമാന സ്ഥാപനങ്ങൾ എന്നിവയുമായി കൂടിയാലോചിച്ച് പരിശീലനങ്ങൾ ലഭ്യമാക്കുക.
- നിശ്ചയിക്കപ്പെട്ട പരിശീലനങ്ങൾ കൃത്യമായ ഇടവേളകളിൽ നടപ്പിലാക്കുന്നു.

ക്വാർട്ടർ-2 - 2019 ആഗസ്റ്റ്-ഒക്ടോബർ

- പരിശീലനങ്ങൾ തുടർച്ച- ആവശ്യകത അനുസരിച്ച്

- പരിശീലനത്തിന്റെ ഗുണനിലവാരം, ഫലപ്രാപ്തി, പഠിതാക്കളിലുണ്ടായ മാറ്റങ്ങൾ എന്നിവ വിലയിരുത്തുന്നു.
- കോർ ടീം അംഗങ്ങളുടെ സഹകരണത്തോടെ കൃത്യമായ ഇടവേളകളിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- കൃത്യമായ ഇടവേളകളിൽ റിസോഴ്സ് പേഴ്സൺമാരുടെ റിവ്യൂ സംഘടിപ്പിക്കുക.
- പ്രവർത്തന മികവ് പുലർത്താത്ത റിസോഴ്സ്പേഴ്സൺമാർക്ക് പകരം പുതിയ ആളുകളെ കണ്ടെത്തി പരിശീലനം നൽകി വിന്യസിപ്പിക്കുക

പ്രതീക്ഷിത നേട്ടം
പ്രാപ്തി വർദ്ധനവിലൂടെ പ്രവർത്തനങ്ങൾ മികവുറ്റതാക്കുക

ലക്ഷ്യം 12

സ്ത്രീപദവി സ്വയം പഠന പദ്ധതിയുടെ ഭാഗമായ സ്ത്രീശക്തി പോർട്ടൽ സാങ്കേതിക പരിജ്ഞാനത്തോടൊപ്പം പുതിയ അറിവുകൾ പങ്ക് വെക്കുന്നതിനും നേടുന്നതിനും സ്ത്രീകളെ പ്രാപ്തരാക്കുന്നു.

## സ്ത്രീശക്തി പോർട്ടൽ

സ്ത്രീകൾക്ക് അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും സംവാദങ്ങൾ സംഘടിപ്പിയ്ക്കുന്നതിനും അനുഭവങ്ങൾ പങ്കുവെയ്ക്കുന്നതിനുമുള്ള ഒരു ഡിജിറ്റൽ ഇടം.

പശ്ചാത്തലം

*സ്ത്രീ പദവി സ്വയം പഠന പ്രക്രിയയുടെ പഠന സഹായി വികസന പ്രക്രിയ വെബ് അധിഷ്ഠിതമായി നടത്തുക എന്ന ലക്ഷ്യത്തോടെയാണ് പോർട്ടൽ രൂപീകരണം നടന്നത്. ഇതോടൊപ്പം അയൽക്കൂട്ട അംഗങ്ങളായ സ്ത്രീകളെ സാങ്കേതിക പരിജ്ഞാനമുള്ളവരാക്കി ശാക്തീകരണത്തിനുള്ള ഉപാധിയായി ഈ പ്രവർത്തനത്തെ മാറ്റുക എന്ന വിശാല ലക്ഷ്യവുമുണ്ട് . ഇന്റെറ്വർക്കിനുള്ളിൽ രൂപപ്പെടുന്ന ബൃഹത്തായ സാങ്കേതിക വിഭവ സമാഹരണം സമൂഹത്തിന്റെ താഴേത്തട്ടിലുള്ളവർക്കു പോലും വിവര സാങ്കേതിക വിദ്യയെ കുറിച്ച് മനസിലാക്കാനുള്ള അതിരുകളില്ലാത്ത അവസരങ്ങളാണ് നൽകുന്നത്.*

*മലയാളത്തിലും ഇംഗ്ളീഷിലുമുള്ള ഉള്ളടക്കം കാണാൻ നമ്മെ സഹായിക്കുന്ന ഒരു ദ്വിഭാഷാ പോർട്ട ലാണ് ശ്രീശക്തി. സ്ത്രീ പദവി സ്വയം പഠന പ്രക്രിയയുടെ ഫലപ്രദവും വിജയകരവുമായ നടത്തി പ്പിനു വേണ്ടിയാണ് ഈ പോർട്ടൽ രൂപീകരിച്ചിട്ടുള്ളത്. സ്ത്രീകൾക്ക് അവരുടെ പ്രശ്നങ്ങളും ആശയ ങ്ങളും ചർച്ച ചെയ്യാനും പഠനസഹായികൾ രൂപപ്പെടുത്തുന്നതിനും റിപ്പോർട്ടുകൾ നോക്കുന്നതിനും സംശയനിവാരണത്തിനും അതിനുപരിയായി കമ്പ്യൂട്ടർ പരിജ്ഞാനം നേടാനും ഈ പോർട്ടൽ ഫലപ്രദ മായ ഒരിടം നൽകുന്നു.*

*ഹോം, ഇമേജ് ഗ്യാലറി, റിഫ്ളക്ഷൻ, ഡിസ്ക്കഷൻ ഫോറം, പബ്ളിക്കേഷൻസ്, കലണ്ടർ, എബൗട്ട് അസ് എന്നിവയാണ് പോർട്ടലിന്റെ പ്രധാന ടാബുകൾ.*

*ഇമേജ് ഗ്യാലറി: സ്ത്രീ പദവി സ്വയം പഠന പദ്ധതിയുടെ ഭാഗമായി സംസ്ഥാന,ജില്ലാ,ബ്ളോക്ക്, പഞ്ചാ യത്ത് തലത്തിൽ നടത്തിയിട്ടുള്ള പുതുമയുള്ളതും വേറിട്ടു നിൽക്കുന്നതുമായ പ്രവർത്തനങ്ങളുടെ ആകർഷകമായ ദൃശ്യങ്ങളാണ് ഇവിടെ കാണാൻ കഴിയുക.*
*കുടുംബശ്രീ അംഗങ്ങളുടെ വിജയകഥകളും കേസ് സ്റ്റഡികളും പോർട്ടലിൽ കാണാം. സംവാദവേദിയിൽ വിവിധ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള സംവാദം നടക്കുന്നു. ഇത്തരം സംവാദ വേദിയിൽ നിന്ന് ലഭിക്കുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടാണ് രണ്ടാം ഘട്ട പഠന സഹായി തയ്യാറാക്കിയത്. മൂന്നാംഘട്ട പഠന സഹായി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായി സ്ത്രീയും സഞ്ചാര സ്വാതന്ത്ര്യവും എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ചർച്ചകൾ പോർട്ടലിൽ നടക്കുകയുണ്ടായി.*
*അഞ്ച് വീതം സി ഡി എസ് അംഗങ്ങൾക്ക് രണ്ടു ഘട്ടങ്ങളിലായി പോർട്ടൽ പരിശീലനം നൽകുകയുണ്ടായി. ആദ്യഘട്ട പരിശീലനങ്ങൾക്ക് അക്ഷയ പരിശീലകരേയാണ് ഉപയോഗപ്പെടുത്തിയത്. രണ്ടാം ഘട്ട പരിശീലനത്തിന് ജെൻഡർ റിസോഴ്സ് പേഴ്സൺമാർക്ക് പ്രത്യേക പരിശീലനം നൽകി അവരെ മാസ്റ്റർ പരിശീലകരാക്കി മാറ്റിയാണ് ഉപയോഗപ്പെടുത്തിയത്.*
*നിലവിൽ 16987 രജിസ്ട്രേഡ് യൂസേർസ്, 46009 പോസ്റ്റുകൾ 170147 വ്യൂവേർസ് എന്നിവ പോർട്ടലിൽ ഉണ്ട്*

*പ്രവർത്തന തന്ത്രം*

- *നിലവിലുള്ള ടാബുകൾ മാറ്റി പുതിയവ രൂപീകരിക്കുക*
- *ചലച്ചിത്രം, സ്നേഹിത,പ്രചോദിത, കമ്മ്യൂണിറ്റി കൗൺസിലിംഗ്, സംവാദവേദി, അഭിപ്രായങ്ങൾ& നിർദ്ദേശങ്ങൾ, ആവിഷ്കാര, കലണ്ടർ, പ്രസിദ്ധീകരണങ്ങൾ, ഞങ്ങളെക്കുറിച്ച് എന്നിവയാണ് ടാബുകൾ.*

- സാങ്കേതിക പരിജ്ഞാനമുള്ള വ്യക്തിയുടെ സഹായത്തോടെ പുതിയ മേഖല കണ്ടെത്തുക
- പോർട്ടലിൽ നിലവിലുള്ള ഡിസൈൻ മാറ്റുക
- പുതിയ ടാബുകളിലേക്കാവശ്യമായ വിവരങ്ങൾ ശേഖരിച്ച് പോർട്ടലിൽ ചേർക്കുക
- സെർവർ സ്പേസ് കണ്ടെത്തി പോർട്ടൽ നവീകരിച്ച് പുനരവതിരിപ്പിക്കുക
- മുഴുവൻ സി ഡി എസ് മെമ്പർമാരേയും പോർട്ടലിൽ രജിസ്റ്റർ ചെയ്യിപ്പിക്കുക
- പോർട്ടൽ പ്രവർത്തനങ്ങളിൽ അയൽക്കൂട്ട അംഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പു വരുത്തുക.

മൂന്ന് ക്വാർട്ടറിലൂമായി കൈവരിക്കേണ്ട നേട്ടങ്ങൾ

1. ക്വാർട്ടർ-1 2019 മെയ്- ജൂലെ

- നിലവിലുള്ള ടാബുകൾ മാറ്റി പുതിയവ രൂപീകരിക്കുക
- പോർട്ടലിൽ നിലവിലുള്ള ഡിസൈൻ മാറ്റുക
- പുതിയ ടാബുകളിലേക്കാവശ്യമായ വിവരങ്ങൾ ശേഖരിച്ച് പോർട്ടലിൽ ചേർക്കുക
- സെർവർ സ്പേസ് കണ്ടെത്തി പോർട്ടൽ നവീകരിച്ച് പുനരവതിരിപ്പിക്കുക
- മുഴുവൻ സി ഡി എസ് മെമ്പർമാരേയും പോർട്ടലിൽ രജിസ്റ്റർ ചെയ്യിപ്പിക്കുക

2. ക്വാർട്ടർ-2 2019 ആഗസ്റ്റ് -ഒക്ടോബർ

- സംസ്ഥാന, ജില്ലാ മിഷനുകളിലെ പ്രോഗ്രാം സ്റ്റാഫിന് പോർട്ടൽ പരിചയപ്പെടുത്തി രജിസ്ട്രേഷൻ നടത്തുക.
- എല്ലാ ബ്ലോക്കിലും സാങ്കേതിക പരിജ്ഞാനമുള്ള ഒരു ജെൻഡർ റിസോഴ്സ്പേഴ്സണെ കണ്ടെത്തി ഏകോപന ചുമതല ഏൽപ്പിക്കുക
- സി. ഡി എസ് മെമ്പർമാരുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുക
- അതത് വാർഡുകളിലെ പോർട്ടൽ രജിസ്ട്രേഷൻ ഉള്ളതും ഇല്ലാത്തതുമായ മുഴുവൻ അയൽക്കൂട്ട അംഗങ്ങളുടേയും പ്രാതിനിധ്യം സംവാദവേദിയിൽ ഉറപ്പുവരുത്തുക.
- ഇതിനായി എ ഡി എസ് പ്രതിനിധികളുടെ യോഗത്തിൽ സി ഡി എസ് മെമ്പർമാർ നിർദ്ദേശം നൽകുക
- ഗവേഷകർക്കും, സ്ത്രീശാക്തീകരണ പ്രവർത്തന മേഖലയിലുള്ളവർക്കും ഉപയോഗപ്രദമായ രീതിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുക.
- കുടുംബശ്രീയുമായും മറ്റ് സ്ത്രീശാക്തീകരണ പ്രവർത്തന മേഖലയുമായും ബന്ധപ്പെട്ട് ലഭ്യാമവുന്ന പുതിയ അറിവുകൾ പോർട്ടൽ വഴി പങ്ക് വെക്കുക.
- സി ഡി എസ് കമ്മിറ്റി മീറ്റിംഗുകളിൽ പോർട്ടൽ വഴി നൽകപ്പെടുന്ന പുതിയ
- വിവരങ്ങൾ ചർച്ച ചെയ്യുന്നതിനും ആശയ ശോഷണം വരാതെ എ ഡി എസ് , അയൽക്കൂട്ട തലങ്ങളിൽ എത്തിക്കുക.
- ഓരോ മാസവും പ്രധാനപ്പെട്ട ഒരു വിഷയത്തെ അധികരിച്ച് ഓൺലൈൻ

ചർച്ചകൾ സംഘടിപ്പിക്കുക.

- മുൻ സി ഡി എസ് ചെയർപേഴ്സന്മാർ, സംരംഭകർ തുടങ്ങിയവരുടെ അനുഭവപാഠങ്ങൾ പങ്കുവെയ്ക്കുക.
- ഒരു വർഷം കൊണ്ട് കുറഞ്ഞത് 50000 പേരെയെങ്കിലും പോർട്ടലിൽ രജിസ്റ്റർ ചെയ്യിയ്ക്കുക.
- ജെന്റർ ഓൺലൈൻ കോഴ്സുകൾ സംഘടിപ്പിയ്ക്കുക.

കാർട്ടർ-3- 2019 നവംബർ-2020 ജനുവരി

- ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ റിവ്യു എല്ലാ മാസവും ജില്ലാ അടിസ്ഥാനത്തിൽ നടത്തി പ്രവർത്തന പുരോഗതി ഡി പി എം വിലയിരുത്തുക
- സി ഡി എസ് അടിസ്ഥാനത്തിൽ അയൽക്കൂട്ട അംഗങ്ങളുടെ പോർട്ടൽ പ്രവർത്തനങ്ങളിലുള്ള പ്രാതിനിധ്യം വിലയിരുത്തി ബ്ലോക്ക് റിസോഴ്സ് പേഴ്സൺ റിപ്പോർട്ട് തയ്യാറാക്കുക
- നിശ്ചയിക്കപ്പെട്ട പ്രവർത്തനങ്ങൾ പൂർത്തീകരിക്കപ്പെട്ടു എന്ന് ഉറപ്പാക്കുക.

പ്രതീക്ഷിത നേട്ടം

സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക് പ്രവർത്തനങ്ങൾ, കമ്മ്യൂണിറ്റി കൗൺസിലിംഗ്, കുടുംബശ്രീ സ്ത്രീ ശാക്തീകരണ മേഖലയിലെ പ്രചോദനാത്മകമായ പ്രവർത്തനങ്ങൾ, വീഡിയോ, ചിത്രങ്ങൾ, വിവിധ സാമൂഹിക വിഷയങ്ങൾ, സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച സംവാദങ്ങൾ, ഈ മേഖലകളുമായി ബന്ധപ്പെട്ട പ്രസിദ്ധീകരണങ്ങൾ എന്നിവയെല്ലാം പോർട്ടൽ വഴി കുടുംബശ്രീ അംഗങ്ങളിലേക്ക് എത്തിക്കുക എന്നതാണ് പോർട്ടൽ നവീകരണം വഴി സാധ്യമാവുക

ലക്ഷ്യം 13

സ്റ്റേറ്റ് റിസോഴ്സ് സെൽ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന തലത്തിൽരൂപീകരിച്ച റിസോഴ്സ് ടീമിന് ആവശ്യമായ പ്രാപ്തി വർദ്ധനവും അതോടൊപ്പം മറ്റ് ആവശ്യമായ പിന്തുണയും ഉറപ്പുവരുത്തുക.

പശ്ചാത്തലം

കേന്ദ്ര വനിത ശിശുക്ഷേമ വികസന വകുപ്പിന് കീഴിലുള്ള നാഷണൽ മിഷൻ ഫോർ എംപവർമെന്റ് ഓഫ് വുമൺ കുടുംബശ്രീയെ സ്റ്റേറ്റ് റിസോഴ്സ് സെന്റർ ഫോർ വുമൺ ആയി തെരഞ്ഞെടുത്തു. ഇതിന്റെ അടിസ്ഥാനത്തിൽ സെന്ററിന്റെ ആഭിമുഖ്യത്തിൽ നിരവധി പദ്ധതികളുടെ രൂപീകരണവും നിർവഹണവും നടന്നുവരുന്നു. സ്ത്രീ ശാക്തീകരണ മേഖലയിലെ പദ്ധതികളുടെ ആസൂത്രണവും നിർവഹണവും ഈ സെന്ററിന്റെ ഒരു പ്രധാന ലക്ഷ്യമാണ്. എല്ലാ ജില്ലകളിലും തദ്ദേശ സ്വയം ഭരണ പ്രദേശങ്ങളിലും നടപ്പിലാക്കുന്ന വിവിധ ജെൻഡർ വികസന പ്രവർത്തനങ്ങൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശം നൽകുക, അവലോകനം നടത്തുക വിവിധ മേഖലയിൽ ഉള്ളവർക്ക് ജെൻഡർ അവബോധ പരിശീലനം നൽകുക എന്നിവയെല്ലാം സംസ്ഥാനതല കേന്ദ്രത്തിലൂടെ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളാണ്. സാമൂഹിക നീതി വകുപ്പ് പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിക്കാത്ത സാഹചര്യത്തിൽ നിലവിൽ ഈ സെന്റർ അറിയപ്പെടുന്നത് ജെൻഡർ സ്റ്റേറ്റ് റിസോഴ്സ് സെൽ എന്നാണ്.

ഈ സെല്ലിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ ഒരു റിസോഴ്സ്പൂളിനെ തിരഞ്ഞെടുത്ത് ആവശ്യമായ പരിശീലനം നൽകി വിന്യസിപ്പിച്ചു. സ്ത്രീകളുടെ പദവി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക കൂടാതെ വനിതാ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ നിർദ്ദേശവും വൈദഗ്ധ്യവും പിന്തുണയും പരിശീലനവും നൽകുക എന്നതും റിസോഴ്സ്പൂളിന്റെ ചുമതലയാണ്.
ഇവരുടെ നേതൃത്വത്തിൽ ജെൻഡർ സെൻസിറ്റൈസേഷൻ പരിശീലനങ്ങൾ സംസ്ഥാനത്ത് വിവിധ മേഖലകളിലായി സംഘടിപ്പിച്ചു വരുന്നു. ദേശീയതലത്തിൽ ജെൻഡർ സെൻസിറ്റൈസേഷൻ പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിനും ജെൻഡർ വികസന പ്രവർത്തനങ്ങളുടെ മാതൃക സൃഷ്ടിക്കുന്നതിനും റിസോഴ്സ് പൂളിനെ സജ്ജമാക്കേണ്ടതുണ്ട് ഇതിനായി പല തലങ്ങളിലുള്ള പ്രാപ്തി വർദ്ധനവിനായുള്ള പരിശീലനം ടീം അംഗങ്ങൾക്ക് നൽകുക എന്നതാണ് പദ്ധതി ലക്ഷ്യം.

1. മൂന്ന് ക്വാർട്ടറിലുമായി കൈവരിക്കേണ്ട നേട്ടങ്ങൾ
   ക്വാർട്ടർ-1 2019 മെയ് ജൂലൈ
   - റിസോഴ്സ് സെല്ലിന്റെ നയം, ലക്ഷ്യങ്ങൾ, പ്രവർത്തന പരിപാടി എന്നിവ പ്രസിദ്ധീകരിയ്ക്കുക.
   - റിസോഴ്സ് സെൽ പ്രവത്തനത്തിനാവശ്യമായ ഫണ്ട് കണ്ടെത്തുക.
   - സെൽ പ്രവർത്തനത്തെ സഹായിയ്ക്കുന്നതിനായി ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ പരിഞ്ജാനമുള്ളവരെ കണ്ടെത്തി നിയോഗിക്കുക.
     ക്വാർട്ടർ-2 - 2019 ആഗസ്റ്റ് ഒക്ടോബർ
   - സ്റ്റേറ്റ് റിസോഴ്സ് പൂളിന് ഒരു അതിഥി സംസ്ഥാനത്തിലെങ്കിലും പരിശീലനം സംഘടിപ്പിയ്ക്കുക.

I

- അതിഥി സംസ്ഥാനങ്ങളിൽ കുടുംബശ്രീ നടത്തുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് പഠനങ്ങൾ സംഘടിപ്പിയ്ക്കുക (എൻ ആർ ഒ യുടെ സഹായത്തോടെ)
- എല്ലാ ജില്ലയിലും സ്നേഹിതയുടെ സഹായത്തോടെ കുറഞ്ഞത് രണ്ട് സംവാദങ്ങളെങ്കിലും നടത്തുക.
- സ്ത്രീ ശാക്തീകരണ രംഗത്ത് പ്രാവൃത്തിയ്ക്കുന്നവർക്ക് സഹായകരമാകുന്ന വിധത്തിൽ വർഷത്തിൽ ജേർണലുകൾ പ്രസിദ്ധീകരിയ്ക്കുക.

ക്വാർട്ടർ-3- 2019 നവംബർ- 2020 ജനുവരി

- റിസോഴ്സ് സെൽ വിഭാവനം ചെയ്ത പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പാക്കുക, പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി, ഗുണപരത എന്നിവ വിലയിരുത്തുക

- ഡോക്യുമെന്റേഷൻ റിപ്പോർട്ടിംഗ്.

പ്രതീക്ഷിത നേട്ടം

സ്റ്റേറ്റ് ജെൻഡർ റിസോഴ്സ്പൂളിന് ആവശ്യമായ പ്രപ്തി വർദ്ധനവ്
തുടർപ്രവർത്തനങ്ങൾ

ലക്ഷ്യം 13

|

കുടുംബശ്രീ അംഗങ്ങളായ വനിതകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 50 പേർക്ക് പരിശീലനം നൽകി വിന്യസിപ്പിക്കുന്നു. കുടുംബശ്രീ നടപ്പിലാക്കുന്ന ജെൻഡർ വികസന പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ളവ ഡോക്യുമെന്റ് ചെയ്ത് തുടർപ്രവർത്തന ആസൂത്രണത്തിന് സഹായിക്കുന്നു.

## റൈറ്റേഴ്സ് ഫോറം

കുടുംബശ്രീ പ്രവർത്തനത്തെ താഴേത്തട്ടിൽ സഹായിയ്ക്കുന്നതിനായി പല മേഖലകളിലായി വിവിധ പിന്തുണാ ഗ്രൂപ്പുകൾ പ്രവർത്തിയ്ക്കുന്നു. എന്നാൽ ഡീക്യുമെന്റേഷൻ/വികസന ജേർണലിസം തുടങ്ങിയ മേഖലകളിൽ ഇതുവരെ സമൂഹാധിഷ്ഠിത ഗ്രൂപ്പ് രൂപീകരണം സാധ്യമായിരുന്നില്ല. ഈ കുറവ് പരിഹരിയ്ക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ച പിന്തുണാ ഗ്രൂപ്പാണ് റൈറ്റേഴ്സ് ഫോറം.

പശ്ചാത്തലം

കുടുംബശ്രീ നടപ്പിലാക്കി വരുന്ന ജെൻഡർ വികസന പ്രവർത്തനങ്ങൾ കൃത്യമായി ഡോക്യുമെന്റ് ചെയ്യേണ്ടത് പിന്നിട്ട വഴികൾ പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനും തുടർ വർഷങ്ങളിലെ പ്രവർത്തനങ്ങളുടെ ആസൂത്രണത്തിനും അനിവാര്യമാണെന്ന് തിരിച്ചറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ 28 കുടുംബശ്രീ അംഗങ്ങളെ ഉൾപ്പെടുത്തി ഡോക്യുമെന്റേഷൻ ടീം രൂപീകരണം നടത്തി. സ്ത്രീ പദവി സ്വയംപഠന പ്രക്രിയയുടെ നാലാം പഠന സഹായി പ്രവർത്തനവുമായി ബന്ധപ്പെട്ടാണ് ടീമിനെ രൂപീകരിച്ചത്. പ്രാദേശിക തലത്തിൽ നടപ്പിലാക്കുന്ന കുടുംബശ്രീ പദ്ധതികളും പ്രവർത്തനങ്ങളും ഡോക്യുമെന്റ് ചെയ്യുന്നതോടൊപ്പം കുടുംബശ്രീ പ്രവർത്തകരുടെ നേതൃത്വത്തിൽ നടക്കുന്ന മറ്റ് തനത് പ്രവർത്തനങ്ങളും ഡോക്യുമെന്റ് ചെയ്യാൻ ഈ ടീമിന് സാധിക്കുന്നുണ്ട്. കുടുംബശ്രീ അംഗങ്ങൾക്കിടയിലുള്ള വിജയകഥകൾ ഡോക്യുമെന്റ് ചെയ്യുന്നതും പ്രസിദ്ധീകരിക്കുന്നതും മറ്റ് അംഗങ്ങൾക്ക് പ്രചോദനമാണ്. ടീം അംഗങ്ങൾക്കിടയിൽ നിന്ന് തിരഞ്ഞെടുത്ത മൂന്ന് പേരാണ് എഡിറ്റോറിയൽ ടീമായി പ്രവർത്തിക്കുന്നത്. ടീം അംഗങ്ങൾ തയ്യാറാക്കുന്ന റിപ്പോർട്ടുകൾ എഡിറ്റോറിയൽ ബോർഡ് പരിശോധിക്കുകയും ആവശ്യമായ ഭേദഗതികൾ വരുത്തി പ്രസിദ്ധീകരിക്കുകയും ചെയ്തു വരുന്നു. ഡോക്യുമെന്റേഷൻ ടീം അംഗങ്ങളുടെ രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പ്രത്യേകമായി ഫേസ്ബുക്ക് പേജ് തയ്യാറാക്കിയിട്ടുണ്ട്. ഈ മേഖലയിലുള്ള പ്രമുഖരുമായുള്ള ചർച്ചകൾ, സംവാദങ്ങൾ, അവരുടെ നേതൃത്വത്തിലുള്ള പരിശീലനങ്ങൾ ഇവയെല്ലാം തന്നെ ഡോക്യുമെന്റേഷൻ ടീമിന്റെ പ്രാപ്തി വർദ്ധനവിന് അനിവാര്യമാണ്.

പ്രവർത്തന തന്ത്രം

- പരിശീലന വിഷയങ്ങൾ ആവശ്യകതാനുസരണം കണ്ടെത്തുക.
- മികച്ച പരിശീലകരെ തിരഞ്ഞെടുക്കുക
- കൃത്യമായ ഇടവേളകളിൽ പരിശീലനം സംഘടിപ്പിക്കുക
- ഡോക്യുമെന്റേഷൻ ടീം അംഗങ്ങളുടെ റിവ്യൂ ജില്ലാ സംസ്ഥാന തലങ്ങളിൽ സംഘടിപ്പിക്കുക
- എഡിറ്റോറിയൽ ടീം അംഗങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ സമയാസമയങ്ങളിൽ നൽകുക

|

- മികച്ച മാതൃകകൾ മനസ്സിലാക്കാനുള്ള അവസരവും ഈ മേഖലയിലെ വിദഗ്ധരുമായുള്ള സംവാദവും പരിശീലനത്തിന്റെ ഭാഗമായി സംഘടിപ്പിക്കുക.
- പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കുക
- വിവിധ സ്ഥാപനങ്ങളുമായി ചേർന്ന് ഡൊക്യുമെന്റേഷൻ ജോലികൾ ഏറ്റെടുക്കുക
- സ്വയം പ്രവർത്തന സജ്ജമായ ഗ്രൂപ്പായി മാറുക

മൂന്ന് ക്വാർട്ടറിലുമായി കൈവരിക്കേണ്ട നേട്ടങ്ങൾ
ക്വാർട്ടർ-1 2019 മെയ്- ജൂലൈ

- റൈറ്റേഴ്സ് ഫോറം അംഗങ്ങൾക്ക ആവശ്യമായ പരിശീലനം സംഘടിപ്പിയ്ക്കുക.
- പ്രവർത്തന മാർഗ്ഗരേഖ/ബൈലോ രൂപീകരിയ്ക്കുക
- പ്രവർത്തന കലണ്ടർ തയ്യാറാക്കുക
- കൺസോർഷ്യം രൂപീകരിയ്ക്കുക

1. ക്വാർട്ടർ-2- 2019 ആഗസ്റ്റ് - ഒക്ടോബർ
   - കുടുംബശ്രീ ജന്റർ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ
   - കില മറ്റ് സമാന സ്ഥാപനങ്ങളുടെ പരിശീലനങ്ങളുടെ ഡോക്യുമെന്റേഷൻ ഏറ്റെടുക്കുക.
   - വരുമാന വർദ്ധനവിനായി പ്രവർത്തനങ്ങൾ സ്വയം കണ്ടെത്തുക.
   - പി ആർ രംഗത്ത് സജീവ സാന്നിദ്ധ്യം ആകുക
   - പുസ്തക പ്രസാധനം (ഒരു ബുക്കെങ്കിലും പ്രസിദ്ധീകരിയ്ക്കുക)

2. ക്വാർട്ടർ-3- 2019 നവംബർ- 2020 ജനുവരി

- പദ്ധതി വിഭാവനം ചെയ്ത പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവെന്ന് ഉറപ്പാക്കുക.
നേട്ടങ്ങൾ, വരുമാനം, ഏറ്റെടുത്ത പ്രവർത്തനങ്ങൾ എന്നിവ ഡോക്യുമെന്റ് ചെയ്യുക.

പ്രതീക്ഷിത നേട്ടം

- കുടുംബശ്രീ ജെൻഡർ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ റിപ്പോർട്ടിംഗ് ജേർണലുകളുടെ പ്രസിദ്ധീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന കമ്മ്യൂണിറ്റി ജേർണലിസ്റ്റുകളുടെ കൂട്ടായ്മ സൃഷ്ടിക്കുക.

I

## ലക്ഷ്യം 15

### ജെൻഡർ സംയോജനം സൂക്ഷ്മസംരംഭങ്ങളിൽ

*സ്റ്റേറ്റ് റിസോഴ്സ്പൂളിന്റെ നേതൃത്വത്തിൽ പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി സംരംഭകർക്ക് ജെൻഡർ അവബോധ പരിശീലനം നൽകുന്നു.*

**പശ്ചാത്തലം**

കുടുംബശ്രീ മിഷൻ മുഖേന രൂപീകരിക്കപ്പെട്ട നിരവധി സംരംഭങ്ങൾ സംസ്ഥാനത്ത് ഉടനീളം പ്രവർത്തിക്കുന്നുണ്ട്. ഏകദേശം പതിനെട്ടായിരത്തോളം സംരംഭങ്ങളിലായി അറുപതിനായിരത്തോളം കുടുംബശ്രീ അംഗങ്ങൾ ഇതിൽ അംഗങ്ങളാണ്. ഉത്പാദനം, സേവനം, വിപണനം എന്നീ മേഖലകളിലാണ് പ്രധാനമായും സംരംഭങ്ങൾ പ്രവർത്തിക്കുന്നത്.
കുടുംബശ്രീ സഹായം സംരംഭങ്ങൾ ആരംഭിക്കുന്നതിന് നൽകുന്നുണ്ടെങ്കിലും പലതിനും സ്ഥായിയായ നിലനിൽപ്പില്ല. സംരംഭ മേഖലയിൽ നേരിടുന്ന വെല്ലുവിളികളേയും സമ്മർദ്ദങ്ങളേയും അതിജീവിക്കാനുള്ള കരുത്തില്ലായ്മ, വിലപേശൽ ശേഷിക്കുറവ്, വിപണിയുടെ തന്ത്രങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തനം ആസൂത്രണം ചെയ്യാൻ കഴിയാതിരിക്കൽ, തങ്ങൾക്ക് ഇതിന് സാധിക്കില്ലെന്ന ഭയം തുടങ്ങി നിരവധി കാരണങ്ങൾ ഇതിന് പിറകിലുണ്ട്.
ഇവയെ അതിജീവിച്ചുകൊണ്ട് സാമ്പത്തിക സ്വശ്രയത്വവും അതുവഴി ശാക്തീകരണവും ആർജ്ജിക്കുന്നതിന് സംരംഭകരെ പ്രാപ്തരാക്കേണ്ടത് അനിവാര്യമാണ്. നിരന്തരമായ കൂടിച്ചേരലുകളും പരിശീലനങ്ങളും പിന്തുണാ പ്രവർത്തനങ്ങളും ഇതിന് അനിവാര്യമാണ്.

**പ്രവർത്തനങ്ങൾ**

വ്യക്തിപരമായും ഗ്രൂപ്പായും സംരംഭങ്ങൾ നടത്തുന്നവരെ വ്യത്യസ്ത രീതിയിലാണ് സമീപിക്കേണ്ടത്. ഇവർ നേരിടുന്ന ബുദ്ധിമുട്ടുകൾ വ്യത്യസ്തമായിരിക്കും. ഇതിനായി പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പരിശീലനം സംഘടിപ്പിക്കണം.

**പ്രവർത്തന തന്ത്രം**

എം ഇ ടീമുമായുള്ള സംയോജനത്തിലൂടെയായിരിക്കും ഈ പ്രവർത്തനം സംഘടിപ്പിക്കുക. വനിതാ സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണ്? അവ നേരിടുന്നതിനായി എന്തെല്ലാം ചെയ്യാൻ കഴിയും? സംരംഭ രംഗത്ത് നിലനിൽക്കുന്ന മുൻവിധികളും തെറ്റായ ധാരണകളും തിരുത്തുക, വനിതാസംരംഭകരുടെ കൂട്ടായ്മകൾ സൃഷ്ടിക്കുക, സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വനിതാ സംരംഭകരുടെ നെറ്റ്‌വർക്ക് രൂപീകരിക്കുക തുടങ്ങിയവയെല്ലാം ഈ പ്രവർത്തന തന്ത്രമായി സ്വീകരിക്കുന്നു. എൻ ആർ ഒ യുടെ സഹായം ഈ പ്രവർത്തനത്തിൽ അനിവാര്യമാണ്.

**മൂന്ന് ക്വാർട്ടറിലുമായി കൈവരിക്കേണ്ട നേട്ടങ്ങൾ**

**ക്വാർട്ടർ-1 2019 മെയ്-ജൂലൈ**

I

- ജെന്റർ സ്റ്റേറ്റ് റിസോഴ്സ് പൂളിന്റെ ആഭിമുഖ്യത്തിൽ സംരംഭകരുമായുള്ള ഫോക്കസ് ഗ്രൂപ്പ് ചർച്ചകളുടെ അടിസ്ഥാനത്തിൽ പരിശീലന മോഡ്യൂൾ തയ്യാറാക്കുന്നു.
    - സംസ്ഥാന എം ഇ ടീമുമായി ചേർന്ന് പ്രവർത്തന പദ്ധതി തയ്യാറാക്കുന്നു

ക്വാർട്ടർ-2 2019 ആഗസ്റ്റ് - ഒക്ടോബർ

- എം ഇ പരിശീലനത്തിൽ ജെന്റർ കാഴ്ചപ്പാട് നിർബന്ധിത പരിശീലന മോഡ്യൂൾ ആക്കുന്നതിനാവശ്യമായ നയപരമായ തീരുമാനം സംസ്ഥാനതലത്തിൽ ഉണ്ടാകുന്നതിനായി പരിശ്രമിയ്ക്കുന്നു.
- ആയിരം വനിതാ സംരംഭകർക്ക് പരിശീലനം നൽകുന്നു.
- മറ്റ് സ്ഥാപനങ്ങൾ/ഏജൻസികൾ എന്നിവർ നേതൃത്വം കൊടുത്ത് ആരംഭിയ്ക്കുന്ന വനിതാസംരംഭകർക്ക് ആവശ്യമായ പരിശീലനം ഏറ്റെടുക്കുന്നു. ഇപ്രകാരം കുറഞ്ഞത് 500 സംരംഭകർക്കെങ്കിലും പരിശീലനം നൽകും.

1. ക്വാർട്ടർ-3 2019 നവംബർ- 2020 ജനുവരി
    - പരിശീലനവും തുടർ പ്രവർത്തനങ്ങളും
    - പരിശീലനത്തിൽ പങ്കെടുത്തവർക്കുണ്ടായ മാറ്റങ്ങൾ ഡോക്യുമെന്റ് ചെയ്യുക
    - പരിശീലകരുടെ റിവ്യൂ സംഘടിപ്പിച്ച് അനുഭവങ്ങളും പോരായ്മകളും അവതരിപ്പിക്കുക

പ്രതീക്ഷിത നേട്ടം

സാമ്പത്തിക സ്വാശ്രയത്വവും അതുവഴി ശാക്തീകരണവും ആർജ്ജിക്കുന്നതിന് സംരംഭകരെ പ്രാപ്തരാക്കുക.

|

*ലക്ഷ്യം- 16*

## *ജെൻഡർ റിസോഴ്സ് സെന്റർ*

*സ്ത്രീകളുടേയും കുട്ടികളുടേയും പ്രാദേശികമായ തന്ത്രപരമായ ആവശ്യങ്ങൾ (*Strategic gender need*) തിരിച്ചറിയുന്നതിനും അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾചേർത്തു കൊണ്ട് നടപ്പിലാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടാണ് പഞ്ചായത്തുതലത്തിൽ ജെൻഡർ റിസോഴ്സ് സെന്റർ എന്ന ആശയം ഉടലെടുത്തത്.*

*ലക്ഷ്യം*

*പഞ്ചായത്തിന്റെ പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും ലിംഗപദവി തുല്യതയില്ലായ്മ പരിഹ രിക്കുന്നതിനാവശ്യമായ ആശയങ്ങൾ ഉൾക്കൊള്ളിക്കുക.*

- *ലിംഗ പദവി തുല്യത കൈവരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ തുക പഞ്ചായത്ത് പദ്ധതികളിൽ വകയിരുത്തുക.*
- *നിലനിൽക്കുന്ന പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനായി വിവിധതരം പഠന പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.*
- *സ്ത്രീകളുടെ ക്രിയാത്മകതയെ വികസിപ്പിക്കുന്നതിന് ആവശ്യമായ പരിശീലന പദ്ധതി കൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാനുള്ള ഇടപെടലുകൾ നടത്തുക.*
- *അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾ തികച്ചും ലിംഗപദവി തുല്യത കൈവരിക്കുകയും സാമൂഹ്യ നീതി ഉറപ്പാക്കുകയും ചെയ്യുന്ന സാഹചര്യം സൃഷ്ടിക്കുക.*
- *സ്തീകൾക്കും കുട്ടികൾക്കും നിർഭയമായി തങ്ങളുടെ അറിവും കഴിവും വർദ്ധിപ്പിച്ചു കൊണ്ട് അന്തസായി ജീവിക്കാനുള്ള സാമൂഹ്യ സാഹചര്യം സൃഷ്ടിക്കുക.*

*ത്രിതല പഞ്ചായത്തുകളുമായി കൈകോർത്തുകൊണ്ട് ലിംഗപദവി സമത്വങ്ങൾ പരിഹരിക്കുന്ന തിനും നീതി ഉറപ്പാക്കുന്നതിനുമായി പദ്ധതികളിൽ തന്ത്രപരമായ ആവശ്യങ്ങൾ (ട്യേമലേഴശര*

ഴലിറലൃ ിലലറ) ഉൾച്ചേരുകയും അവ നടപ്പിലാക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ പഞ്ചായത്തുകളിൽ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്ന ആശയമാണ് ജെൻഡർ റിസോഴ്സ് സെന്റർ എല്ലാ ജില്ലകളിലും സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്കുകൾ നിലവിൽ ജില്ലാ ജെൻഡർ റോസോഴ്സ് സെന്ററിന്റെ സകരണത്തോടെ പഞ്ചായത്ത്തല ജി. ആർ.സി കൾ പ്രവർത്തിക്കുക എന്നതാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്.

## I. പശ്ചാത്തലം

സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങളെയും ചൂഷണങ്ങളെയും പ്രതിരോധിക്കുകയും ഏതെങ്കിലും തരത്തിലുള്ള അതിക്രമങ്ങൾക്ക് വിധേയരാവേണ്ടി വരുന്ന സ്ത്രീകൾക്കും പരിപൂർണ്ണ പിന്തുണ ഉറപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് 2013 ൽ 3 ജില്ലകളിൽ ആദ്യഘട്ടമെന്ന നിലയിൽ സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക്കുകൾ ആരംഭിച്ചത്. ഈ സെന്ററുകളുടെ സ്വീകാര്യതയും ആവശ്യകതയും വർദ്ധിച്ച് വന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ 14 ജില്ലകളിലും സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്കുകൾ ആരംഭിക്കുകയും മികച്ച രീതിയിൽ അർഹരായവർക്ക് സേവനം ലഭ്യമാക്കി വരുകയും ചെയ്യുന്ന ഈ സെന്ററുകൾ ജില്ലാ റിസോഴ്സ് സെന്ററുകൾ എന്ന നിലയിലും പ്രവർത്തിച്ചു വരുന്ന സാഹചര്യമാണ് നിലവിലുള്ളത്. കൂടാതെ 2016 ൽ ആരംഭിച്ച വർണറബിലിറ്റി മാപ്പിംഗ് പ്രക്രിയ ആദ്യഘട്ടത്തിൽ 28 പഞ്ചായത്തുകളിലും തുടർന്ന് പ്രക്രിയ ആദ്യഘട്ടത്തിൽ 28 പഞ്ചായത്തുകളിലും തുടർന്ന് 2018 ൽ സംസ്ഥാനത്തെ 140 പഞ്ചായത്തുകളിലും നടത്തപ്പെട്ടു. ജി.എസ്.എൽ.പി യുടെ ഭാഗമായി ഇത്തരത്തിൽ നടത്തിയ എല്ലാ പഠന പ്രവർത്തനങ്ങളും വിരൽ ചൂണ്ടുന്നത് സമൂഹത്തിൽ ലിംഗപദവി അസമത്വം ആഴത്തിൽ വേരോടിയിരിക്കുന്നു എന്ന് തന്നെയാണ്. ഈ ലിംഗ പദവി അസമത്വത്തെ പ്രതിരോധിക്കുന്നതിന് നിലവിൽ നടത്തിവരുന്ന പ്രവർത്തനങ്ങളോടൊപ്പം തന്നെ ത്രിതല പഞ്ചായത്തു സംവിധാനങ്ങളുടെ ഇടപെടലുകളും അനിവാര്യമാണ് എന്ന് കണ്ടെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ത്രിതല പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ഇത്തരം പ്രവർത്തനങ്ങൾ ശക്തമാക്കണം എന്ന ആശയം ഉടലെടുക്കുകയും ചെയ്തു. പ്രാദേശിക തലത്തിൽ നിലനിൽക്കുന്ന ഏതൊരു പ്രശ്നവും പരിഹരിക്കണമെങ്കിൽ അവിടുത്തെ ജനങ്ങളുടെ മനസ്സിൽ ഈ തിരിച്ചറിവ് ഉണ്ടാവുകയും ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യേണ്ടതാണ്. വിവിധ പ്രവർത്തനങ്ങളിലൂടെ തിരിച്ചറിഞ്ഞ ലിംഗ പദവി തുല്യതയില്ലായ്മ പരിഹരിക്കുന്നതിനായി സ്ത്രീകളുടെ ഭൗതിക ആവശ്യങ്ങൾ മാത്രം നിറവേറ്റിയാൽ പോര എന്നും മറിച്ച് അവരുടെ പദവിയിൽ ഗുണപരമാറ്റം വരുത്തുന്നതിനാവശ്യമായ തന്ത്രപരമായ……………..

## II. പ്രവർത്തന തന്ത്രം

|

ത്രിതല പഞ്ചായത്തുമായി ചേർന്നുകൊണ്ട് ജി.ആർ.സി പ്രവർത്തിക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കുക.

- പദ്ധതി രൂപീകരണത്തിലും പ്രോജക്ട് തയ്യാറാക്കൽ പ്രക്രിയകളിലും പങ്കാളികളാകാനുള്ള ശേഷി വികസന പരിപാടികൾ വിജിലന്റ് ഗ്രൂപ്പുകൾക്കായി നടത്തുക - ശക്തിപ്പെടുത്തുക
- വിവിധ ഡിപ്പാർട്ട്മെന്റുകളുമായി ചേർച്ച് പദ്ധതികൾ ഏറ്റെടുക്കുകയും ലിംഗപദവി തുല്യതയിലൂന്നി നിന്നുകൊണ്ട് നടപ്പിലാക്കുകയും ചെയ്യുക.
- പഞ്ചായത്തു തലത്തിൽ ജെൻഡർ റിസോഴ്സ് ഗ്രൂപ്പുകൾ ശക്തിപ്പെടുത്തുകയും ജി. ആർ.സി യുമായി ചേർന്ന് പ്രവർത്തിക്കുകയും ചെയ്യുക.
- ജില്ലാ റിസോഴ്സ് സെന്റർ എന്ന നിലയിൽ സ്നേഹിത ജെൻഡർ റിസോഴ്സ് സെന്ററിന്റെ മോണിറ്ററിംഗും സഹകരണവും ഉറപ്പാക്കുകയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യാവുന്നതാണ്.
- ലൈബ്രറികൾ ശക്തമല്ലാത്ത ജി.ആർ.സികളിൽ ശക്തമായ ലൈബ്രറി സംവിധാനം പദ്ധതികളിൽ ഉൾപ്പെടുത്തിക്കൊണ്ട് ക്രമീകരിക്കാം.
- ജി.ആർ.സി ഒരു നിരന്തര പരിശീലന കേന്ദ്രമായി നിലനിർത്തുക. ഇതിനായി മറ്റ് പരിശീലന പദ്ധതികളുമായി സംയോജിക്കുക.
- സ്ത്രീകൾക്കും പെൺകുട്ടികൾക്കുമായി കരിയർ ഗൈഡൻസ് നടത്തിയ പരിപാടികൾ ഏറ്റെടുത്ത് നടപ്പിലാക്കുക.
- ലിഗംപദവി തുല്യതയിലേയ്ക്ക് നയിക്കുന്ന രീതിയിലുള്ള വിഷയങ്ങളിൽ മേൽ ചർച്ചകളും സംവാദങ്ങളും സംഘടിപ്പിക്കുക

മൂന്ന് ക്വാർട്ടറിലുമായി കൈവരിക്കേണ്ട നേട്ടങ്ങൾ

ക്വാർട്ടർ-1 2019 മെയ്- ജൂലൈ

- നിലവിലുള്ള കേന്ദ്രങ്ങളുടെ പ്രവർത്തന അവലോകനം

|

- *പുതിയ കേന്ദ്രങ്ങളുടെ കണ്ടെത്തൽ*

- *പ്രവർത്തനാസൂത്രണം*

*ക്വാർട്ടർ-2 2019 ആഗസ്റ്റ്- ഒക്ടോബർ*

- *ജി ആർ സി സമിതിക്കാവശ്യമായ പരിശീലനം*

- *ആസൂത്രണം ചെയ്ത പ്രവർത്തനങ്ങളുടെ പൂർത്തീകരണം*

*ക്വാർട്ടർ-3- 2019 നവംബർ- 2020 ജനുവരി*

- *പ്ലാനിംഗ്*

- *കൂടുതൽ കേന്ദ്രങ്ങൾ കണ്ടെത്തൽ*

- *പദ്ധതി സംയോജനം*

- *റിപ്പോർട്ടിംഗ്*

*പ്രതീക്ഷിത നേട്ടം*

- *പഞ്ചായത്തിന്റെ പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും ലിംഗപദവി തുല്യതയില്ലായ്മ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ*

- *ലിംഗപദവി തുല്യത കൈവരിക്കുകയും സാമൂഹ്യ നീതി ഉറപ്പാക്കുകയും ചെയ്യുന്ന സാഹചര്യം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ*

|

Gender Development

List of Programmes for documentation

1. Gender Self Learning Programme
2. Snehitha Calling Bell Activities
3. Community Counselling Programme
4. Vigilant Group Activities
5. Gender Resource Centre and Block Level Counselling Centres
6. Rangasree
7. Kochi Muziris Biennale Activities
8. Gender Sensitisation and State Resource pool
9. Writers forum- Documentation Team
10. Anti Human Trafficking Programme
11. Snehitha Help Desk Programmes
12. Vulnerability mapping convergence practices
13. Gender sensitization training – C DS Chairpersons, Officials etc.
14. Community cancelling – Kerala university training
15. District initiatives – Example: Snehitha Gramam, Kutty Brigade
16. Flood activities